10
2025
സെപ്റ്റംബർ
ബുധൻ
ചിങ്ങം 25

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 227 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-227 പേജ് 4. വില 2.00 രൂപ

02 മികച്ച പച്ചത്തുരുത്തുകൾക്ക് മുഖ്യമന്ത്രിയുടെ പുരസ്കാരം
03 'മാസങ്ങളെടുത്തല്ല ബില്ലുകളിൽ തീരുമാനമെടുക്കേണ്ടത്'
04 ഓണം വാരാഘോഷ സമാപനം; ആഘോഷത്തിമർപ്പിൽ അനന്തപുരി

## ആഴക്കടൽ ഖനനം; മത്സ്യത്തൊഴിലാളികളുടെ

# സെക്രട്ടേറിയറ്റ് മാർച്ച് ഈ മാസം 19ന്

കൊല്ലം: പരിസ്ഥിതി സംബന്ധമായ ആഘാത പഠനങ്ങൾ നടത്താതെ കൊല്ലം പരപ്പിനോട് ചേർന്ന് ആഴക്കടൽ ഖനനം നടത്തരുതെന്ന ആവശ്യം ശക്തമായി. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള ഖനന നീക്കത്തിനെതിരെ സമരപരിപാടികൾ ആരംഭിക്കുകയാണ് മത്സ്യത്തൊഴിലാളി കോൺഗ്രസ്. 19ന് മത്സ്യത്തൊഴിലാളികൾ കുടുംബസമേതം ഇക്കാര്യമുന്നയിച്ച് സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തി തങ്ങളുടെ പ്രതിഷേധം അറിയിക്കും. ആഴക്കടൽ ഖനനം നടത്തുന്നതിനു മുമ്പായി മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനം സംബന്ധിച്ചുള്ള വിഷയങ്ങൾ കാര്യക്ഷമമായി കണക്കിലെടുക്കുന്നതിനും പ്രൊഡക്ഷൻ പ്ലാനിലും എൻവിയോൺമെൻറൽ മാനേജ്മെൻറ് പ്ലാനിലും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്നത്. പ്രൊഡക്ഷൻ പ്ലാൻ പ്രകാരമല്ലാതെ ഒരു തരത്തിലുള്ള ഖനന ഉല്പാദന പ്രക്രിയയും ആരംഭിക്കാൻ പാടില്ലെന്നാണ് മത്സ്യത്തൊഴിലാളികൾ ഈ വിഷയത്തിൽ ആവശ്യപ്പെടുന്നത്. നിലവിലെ നിയമപ്രകാരം പ്രൊഡക്ഷൻ പ്ലാനിൽ പരിസ്ഥിതി മാനേജ്മെൻറ് പ്ലാൻ, ആഘാത പഠനങ്ങൾ, ലഘൂകരണ മാർഗത്തിനുള്ള പ്ലാൻ തുടങ്ങിയവ ഉൾപ്പെടുന്നുണ്ട്.

കേരള തീരത്ത് 12 നോട്ടിക്കൽ മൈലിനപ്പുറം ആഴക്കടൽ ഖനനത്തിനായി പ്രിപ്പേറേഷൻ ഓഫ് ടേംസ് ഓഫ് റെഫറൻസ് ഫോർ ഓഫ്ഷോർ മൈനിംഗ് ഏരിയാസ് എന്ന പേരിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫ് ഖനന മന്ത്രാലയത്തിന് ഒരു നിർദ്ദേശം മുന്നോട്ടു വെച്ചിരിക്കുന്ന സാഹചര്യത്തിലാണ് ആദ്യം കരാർ, പിന്നീട് പഠനം എന്ന നിലപാടിലേക്ക് അധികൃതർ എത്തിയിരിക്കുന്നത്.

കൊല്ലം പരപ്പിനോട് ചേർന്ന് ഏത് കമ്പനി ടെൻഡർ എടുത്താലും ആഴക്കടൽ ഖനനത്തിന് അനുവദിക്കുകയില്ലെന്ന് മത്സ്യതൊഴിലാളി കോൺഗ്രസ് സംസ്ഥാന സെക്രട്ടറി എഫ്. അലക്സാണ്ടറും ജില്ലാ പ്രസിഡൻറ് യേശുദാസൻ എസ്. ഫെർണാണ്ടസും അറിയിച്ചു.

കൊല്ലത്ത് നിന്ന് വാടി, ശക്തികുളങ്ങര, നീണ്ടകര, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ നിന്നുള്ള മത്സ്യതൊഴിലാളി കുടുംബങ്ങൾ 19 ന് നടക്കുന്ന മാർച്ചിൽ പങ്കെടുക്കും.

# സി. പി. രാധാകൃഷ്ണൻ പുതിയ ഉപരാഷ്ട്രപതി



ന്യൂഡൽഹി: രാജ്യത്തിന്റെ 15ാം ഉപരാഷ്ട്രപതിയായി സി. പി. രാധാകൃഷ്ണനെ തെരഞ്ഞെടുത്തു. 452 വോട്ടുകളാണ് അദ്ദേഹം നേടിയത്. പ്രതിപക്ഷ സ്ഥാനാർഥിയായ സുപ്രീംകോടതി മുൻ ജ!ഡ്ജി ജസ്റ്റീസ് ബി. സുദർശൻ റെഡ്ഡിക്കു 300 വോട്ട് ലഭിച്ചു.

15 വോട്ടുകൾ അസാധുവായി. തിരുപ്പൂർ സ്വദേശിയായ രാധാകൃഷ്ണൻ കോയമ്പത്തൂരിൽനിന്ന് രണ്ടു തവണ ലോക്സഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ജാർഖണ്ഡ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളുടെ ഗവർണറായി പ്രവർത്തിച്ചിട്ടുണ്ട്.

2004 മുതൽ 2007 വരെ ബിജെപി തമിഴ്നാട് സംസ്ഥാന അധ്യക്ഷനായിരുന്നു. കേരള ബിജെപിയുടെ പ്രഭാരി സ്ഥാനവും വഹിച്ചിട്ടുണ്ട്. ആരോഗ്യപരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി ജഗ്ദീപ് ധൻകർ ഉപരാഷ്ട്രപതിപദം രാജിവച്ചതിനെ തുടർന്നാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്.

രാജ്യസഭയിൽ ഏഴ് അംഗങ്ങളുള്ള ബിജെഡിയും നാല് അംഗങ്ങളുള്ള ബിആർഎസും ഒരു അംഗമുള്ള അകാലിദളും വോട്ടെടുപ്പിൽ പങ്കെടുത്തില്ല.

# ആളിക്കത്തി ജെൻ സി പ്രക്ഷോഭം

## നേപ്പാൾ പ്രധാനമന്ത്രി കെ. പി. ശർമ ഓലി രാജി വച്ചു



കാഠ്മണ്ഡു: രാജ്യത്ത് അലയടിച്ച ജെൻ സി പ്രക്ഷോഭത്തെ തുടർന്ന് നേപ്പാൾ പ്രധാനമന്ത്രി കെ. പി. ശർമാ ഓലി രാജി വച്ചു.

സമൂഹമാധ്യമങ്ങൾക്ക് വിലക്കേർപ്പെടുത്തിയതിനെ തുടർന്ന് രണ്ട് ദിവസമായി നേപ്പാളിൽ തുടരുന്ന പ്രതിഷേധങ്ങളിൽ 19 പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. പ്രതിഷേധക്കാർ പ്രസിഡൻറിന്റെയും പ്രധാനമന്ത്രിയുടെയും വസതിക്ക് തീയിട്ടതിന് മണിക്കൂറുകൾക്ക് ശേഷമാണ് ഓലി രാജി പ്രഖ്യാപിച്ചത്. പ്രതിഷേധക്കാരുടെ പ്രധാന ആവശ്യമായിരുന്നു പ്രധാനമന്ത്രി ശർമ ഓലിയുടെ രാജി. വാട്സ്ആപ്പ്, ഫേസ്ബുക്ക് എന്നിവയുൾപ്പെടെ 26 സമൂഹ മാധ്യമ വെബ്സൈറ്റുകൾക്ക് വ്യാഴാഴ്ച നേപ്പാൾ സർക്കാർ നിരോധനമേർപ്പെടുത്തിയിരുന്നു. വാർത്ത വിതരണ മന്ത്രാലയത്തിന് കീഴിൽ സൈറ്റുകൾ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന പാലിക്കാഞ്ഞതിന് പിന്നാലെയായിരുന്നു നടപടി.

ഇതോടെ, ആയിരക്കണക്കിന് യുവജനങ്ങൾ തെരുവിലിറങ്ങി. യൂണിഫോം ധരിച്ച വിദ്യാർഥികളടക്കം ആയിരങ്ങൾ കാഠ്മണ്ഡുവിലെ പാർലമെൻറ് മന്ദിരത്തിലേക്ക് നടത്തിയ പ്രതിഷേധ മാർച്ച് അക്രമാസക്തമാവുകയായിരുന്നു. 'അഴിമതിയാണ് നിർത്തേണ്ടത് സമൂഹ മാധ്യമങ്ങളല്ല' എന്നിങ്ങനെ മുദ്രാവാക്യങ്ങൾ എഴുതിയ പ്ളക്കാർഡുകളുമായായിരുന്നു പ്രതിഷേധം. പ്രതിഷേധക്കാർ പോലീസ് ബാരിക്കേഡ് തകർത്ത് പാർലമെൻറ് മന്ദിരത്തിലേക്ക് കടക്കാൻ ശ്രമിച്ചതിനെത്തുടർന്ന് പാർലമെൻറ് മന്ദിരത്തിന് ചുറ്റും അധികൃതർ കർഫ്യൂ ഏർപ്പെടുത്തി. ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ ജലപീരങ്കിയും റബ്ബർ ബുള്ളറ്റുമടക്കം പ്രയോഗിക്കുകയായിരുന്നു.

സർക്കാർ നടപടി അഭിപ്രായ സ്വാതന്ത്ര്യം നിയന്ത്രിക്കാനും സെൻസർഷിപ്പ് ഏർപ്പെടുത്താനുമുള്ള നീക്കമാണെന്നു വിമർശിച്ചാണു യുവജനങ്ങൾ രംഗത്തിറങ്ങിയത്. നിരോധനം പിൻവലിക്കാനാവശ്യപ്പെട്ട് 'ജെൻ സി' (ജനറേഷൻ സെഡ്) ബാനറുമായി പാർലമെൻറ് മന്ദിരത്തിനു മുന്നിൽ പ്രതിഷേധിച്ച ചെറുപ്പക്കാർ, സർക്കാർവിരുദ്ധ മുദ്രാവാക്യമുയർത്തിയിരുന്നു. പ്രക്ഷോഭത്തിനിടെ യുവാക്കൾ കൊല്ലപ്പെട്ടതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് ആഭ്യന്തര മന്ത്രി രമേഷ് ലേഖക് രാജി വച്ചിരുന്നു. ഓൺലൈൻ തട്ടിപ്പും കള്ളപ്പണം വെളുപ്പിക്കലും വർദ്ധിച്ചതായി ചൂണ്ടിക്കാട്ടി ജൂലൈയിൽ നേപ്പാൾ സർക്കാർ ടെലിഗ്രാമിന് വിലക്കേർപ്പെടുത്തിയിരുന്നു. നിയന്ത്രണങ്ങൾ അംഗീകരിച്ചതോടെ കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ടിക് ടോക്കിന് ഏർപ്പെടുത്തിയിരുന്ന ഒമ്പത് മാസത്തെ വിലക്ക് സർക്കാർ നീക്കിയിരുന്നു. എന്നാൽ, മെറ്റയും എക്സും ഗൂഗിളുമടക്കം കമ്പനികളുടെ കീഴിലുള്ള സമൂഹ മാധ്യമങ്ങൾ നേപ്പാൾ സർക്കാരിന്റെ നിർദേശം തള്ളി തുടരുകയായിരുന്നു. ഇതാണ് സമ്പൂർണ വിലക്കിൽ കലാശിച്ചത്.

# ദോഹയിൽ ഇസ്രയേൽ ആക്രമണം; ലക്ഷ്യമിട്ടത് ഹമാസ് നേതാക്കളെ

ദോഹ: ഹമാസ് നേതാക്കളെ ലക്ഷ്യമിട്ട് ഇസ്രയേൽ ഖത്തറിൽ വ്യോമാക്രമണം നടത്തി. കത്താര പ്രവിശ്യയിൽ നടത്തിയ ആക്രമണത്തിൽ നിരവധിപേർക്ക് പരിക്കേറ്റതായി റിപ്പോർട്ടുകളുണ്ട്. സാധാരണക്കാരെ തങ്ങൾ ലക്ഷ്യമിട്ടില്ലെന്നും ഹമാസ് നേതാക്കളെയാണ് തങ്ങൾ ലക്ഷ്യമിട്ടതെന്ന് ഇസ്രയേൽ ഡിഫൻസ് ഫോഴ്സ് വ്യക്തമാക്കി. ഉഗ്രശബ്ദം കേട്ടതായും സ്ഥലത്തു നിന്ന് പുക ഉയരുന്നുണ്ടെന്ന് പ്രദേശവാസികൾ പറഞ്ഞു. ദോഹയിലാണ് ഹമാസിന്റെ നേതാക്കൾ തീവ്രവാദ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരുന്നത്. അവരെ ലക്ഷ്യമിട്ട് ഒരു ഓപ്പറേഷൻ നടത്തിയിരിക്കുന്നു. കഴിഞ്ഞ ഒക്ടോബർ ഏഴിന് ഉണ്ടായ കൂട്ടക്കൊലയ്ക്ക് ഉത്തരവാദികൾ ആയവരെയാണ് ലക്ഷ്യമിട്ടതെന്നും ഇസ്രയേൽ സൈന്യം അറിയിച്ചു. ഇസ്രയേലിനും ഹമാസിനും ഇടയിലുള്ള മധ്യസ്ഥ ചർച്ചകൾ നടത്തുന്ന പ്രധാന രാജ്യമായിരുന്നു ഖത്തർ. ഗാസയ്ക്ക് പുറത്തുള്ള തങ്ങളുടെ ആസ്ഥാനമായി ഹമാസ് നേതാക്കൾ ഖത്തർ തലസ്ഥാനം ഉപയോഗിക്കുന്നുവെന്നാണ് ഇസ്രയേലിന്റെ ആരോപണം. അതേസമയം ഖത്തറിനു പൂർണ ഐക്യദാർഢ്യം അറിയിച്ച് യുഎഇ വിദേശകാര്യ മന്ത്രി രംഗത്തെത്തി. മിസൈൽ ആക്രമണമാണ് നടന്നതെന്ന് ഖത്തറിലെ അമേരിക്കൻ എംബസി വ്യക്തമാക്കി. ഹമാസ് ഉന്നത രാഷ്ട്രീയ നേതാക്കൾ തങ്ങിയ കെട്ടിടമാണ് തകർത്തത് എന്നാണ് റിപ്പോർട്ടുകൾ. കെട്ടിടത്തിൽ ഉണ്ടായിരുന്ന നേതാക്കൾക്ക് എന്ത് സംഭവിച്ചു എന്ന കാര്യത്തിൽ അവ്യക്തത തുടരുകയാണ്. കെട്ടിടത്തിൽ ഉണ്ടായിരുന്ന നേതാക്കൾ കൊല്ലപ്പെട്ടതായി ചില അറബ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

## മധ്യസ്ഥത അവസാനിപ്പിച്ചെന്ന് ഖത്തർ

ദോഹ: ഹമാസ് കേന്ദ്രങ്ങൾ ലക്ഷ്യമിട്ട് ഇസ്രയേൽ സൈന്യം ദോഹയിൽ നടത്തിയ ആക്രമണത്തെ രൂക്ഷമായി വിമർശിച്ച് ഖത്തർ. ഇസ്രയേൽ പലസ്തീൻ യുദ്ധം അവസാനിപ്പിക്കാനുള്ള മധ്യസ്ഥ ശ്രമങ്ങളിൽ നിന്ന് തങ്ങൾ പിൻമാറുകയാണെന്ന് ഖത്തർ അറിയിച്ചു.

അടിയന്തരമായ അന്വേഷണം നടത്തിവരികയാണെന്നും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനുള്ള എല്ലാ നടപടികളും ശക്തമാക്കിയിട്ടുണ്ടെന്നും ഖത്തർ വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി. ഇത്തരം കടന്നാക്രമണങ്ങൾ ഒരു കാരണവശാലും ഖത്തർ അംഗീകരിക്കില്ല.

ഇസ്രയേലിന്റെ ഭീരുത്വമാണ് വെളിവായിരിക്കുന്നത്.

# ആറന്മുള ഉത്രട്ടാതി വള്ളംകളി; മേലുകരയും കൊറ്റത്തൂരും ജലരാജാക്കന്മാർ



പത്തനംതിട്ട: ആറന്മുള ഉത്രട്ടാതി വള്ളംകളിയിൽ മേലുകരയും കൊറ്റത്തൂരും ജലരാജാക്കന്മാരായി. ആവേശകരമായ ഫൈനൽ മത്സരത്തിൽ എ ബാച്ച് വിഭാഗത്തിൽ മേലുകര പള്ളിയോടവും ബി ബാച്ച് വിഭാഗത്തിൽ കൊറ്റാത്തൂർ കൈതക്കോടിയും വിജയികളായി. സമയനിർണയത്തിൽ അപാകതയെന്ന് ആരോപിച്ച് കോയിപ്രം പള്ളിയോടം ലൂസേഴ്സ് ഫൈനലിൽ പങ്കെടുക്കാതെ മടങ്ങി. പള്ളിയോടങ്ങളുടെ വലിപ്പം അടിസ്ഥാനമാക്കി എ, ബി ബാച്ചുകളായി തിരിച്ചാണ് ജലഘോഷയാത്രയും മത്സരവും നടത്തിയത്.

വലിയ വള്ളങ്ങൾ ഉൾപ്പെടുന്ന എ ബാച്ചിൽ 35 എണ്ണവും ബി ബാച്ചിൽ 17 എണ്ണവുമാണ് മത്സരരംഗത്തുണ്ടായിരുന്നത്. മന്ത്രിമാരായ കെ. രാജൻ, സജി ചെറിയാൻ, റോഷി അഗസ്റ്റിൻ, വീണാ ജോർജ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.



# മികച്ച പച്ചത്തുരുത്തുകൾക്ക് മുഖ്യമന്ത്രിയുടെ പുരസ്കാരം

## പുരസ്കാര നിർണ്ണയത്തിനുള്ള സ്ക്രീനിങ് ഇന്ന് മുതൽ
## പുരസ്കാര വിതരണ ചടങ്ങ് സെപ്റ്റംബർ 16 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനും പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായും സംസ്ഥാനത്ത് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സ്ഥാപിച്ച പച്ചത്തുരുത്തുകൾ വിദഗ്ധ സമിതി വിലയിരുത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, കലാലയങ്ങൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ജനപങ്കാളിത്തത്തോടെ ജൈവവൈവിധ്യത്തിന്റെ കലവറയായി പച്ചത്തുരുത്തുകളെ മാറ്റാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാന മൊട്ടാകെ 1272.89 ഏക്കറിലായി നിലവിലുള്ള 4030 പച്ചത്തുരുത്തുകളിൽ ജില്ലാതലത്തിൽ നടന്ന വിലയിരുത്തലുകളിൽ മുന്നിലെത്തിയ പച്ചത്തുരുത്തുകൾ അടിസ്ഥാനമാക്കി വിദഗ്ധ സമിതിയുടെ മുന്നിൽ നടത്തുന്ന സ്ക്രീനിങ് ഇന്ന് (സെപ്. 10) തിരുവനന്തപുരത്ത് ആരംഭിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ തിരുവനന്തപുരം ജില്ലയിൽ കരവാരം ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ലയിൽ കൊല്ലം കോർപ്പറേഷൻ, പത്തനംതിട്ട ജില്ലയിൽ തുമ്പമൺ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ലയിൽ മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിൽ കല്ലറ ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലയിൽ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, തൃശൂർ ജില്ലയിൽ വരവൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ലയിൽ പെരുന്തൽമണ്ണ നഗരസഭ, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് കോർപ്പറേഷൻ, വയനാട് ജില്ലയിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ലയിൽ മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ലയിൽ അജാനൂർ ഗ്രാമപഞ്ചായത്ത് എന്നിവയാണ് ഒന്നാം സ്ഥാനത്ത് എത്തിയത്. രണ്ടും മൂന്നും സ്ഥാനത്തെത്തിയ പച്ചത്തുരുത്തുകളും സ്ക്രീനിംഗിന് എത്തുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിനു പുറമേ സ്കൂളുകൾ കോളേജുകൾ, സ്ഥാപനങ്ങൾ, കാവുകൾ, കണ്ടൽത്തുരുത്തുകൾ, മുളന്തുരുത്തുകൾ, ദേവഹരിതം എന്നീ വിഭാഗങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തിയ പച്ചത്തുരുത്തുകളും സ്ക്രീനിംഗിന് എത്തുന്നുണ്ട്. സംസ്ഥാനതലത്തിൽ മികച്ചവയായി തെരഞ്ഞെടുക്കപ്പെടുന്നവയ്ക്കും ജില്ലാതല പുരസ്കാര ജേതാക്കൾക്കും 2025 സെപ്റ്റംബർ 16 ന് തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. അന്നേ ദിവസം രാവിലെ 10 മണിമുതൽ നടത്തുന്ന ടെക്നിക്കൽ സെഷനിൽ പുരസ്കാര ജേതാക്കളുടെ അനുഭവ അവതരണങ്ങൾ നടക്കും. വൈകുന്നേരം 6 മണിക്ക് നടക്കുന്ന പുരസ്കാര വിതരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് അധ്യക്ഷനാകുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ തുടങ്ങിയവർ പങ്കെടുക്കും. ജനപ്രതിനിധികളും പരിസ്ഥിതി ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന ചടങ്ങിൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ചു വരുന്ന ഒരുകോടി തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിനിൽ 60 ലക്ഷം തൈ നട്ടതിന്റെ പ്രഖ്യാപനം, വിവിധ പുസ്തകങ്ങളുടെ പ്രകാശനം എന്നിവകൂടി ഉണ്ടാകുമെന്ന് ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണും നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററുമായ ഡോ. ടി. എൻ. സീമ അറിയിച്ചു.




# ഗൂഗിൾ പേയിലൂടെ അശ്ലീല സന്ദേശം അയക്കാമെന്ന് പഠിച്ചയാളാണ് രാഹുൽ മാങ്കൂട്ടത്തിലെന്ന് എം. വി. ജയരാജൻ

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിനെതിരെ വിമർശനവുമായി സിപിഎം നേതാവ് എം. വി. ജയരാജൻ. ഗൂഗിൾ പേയിലൂടെ അശ്ലീല സന്ദേശം അയക്കാമെന്ന് പഠിച്ചയാളാണ് രാഹുൽ മാങ്കൂട്ടത്തിൽ. രാഹുലിന്റെ അത്രയും തൊലിക്കട്ടി തിരുവനന്തപുരം മൃഗശാലയിലെ കണ്ടാമൃഗത്തിന് പോലുമില്ലെന്നും അദ്ദേഹം പരിഹസിച്ചു.

രാഹുൽ പീഡിപ്പിച്ച സ്ത്രീകളെല്ലാം കോൺഗ്രസ് കുടുംബത്തിലുള്ളവരാണ്. എന്നിട്ടും കോൺഗ്രസുകാർ രാഹുലിന് നമോവാകം ചൊല്ലി നിൽക്കുന്നു. രാഹുൽ വിഷയം മറച്ചു പിടിക്കാനാണ് പഴയ കസ്റ്റഡി മർദന ആരോപണങ്ങൾ ഇപ്പോൾ ഉന്നയിക്കുന്നതെന്നും അദ്ദേഹം വിമർശിച്ചു.

തെറ്റ് ചെയ്താൽ ഒരു പോലീസുകാരനെയും സംരക്ഷിക്കുന്ന സർക്കാർ അല്ല കേരളം ഭരിക്കുന്നത്. കുറ്റക്കാരായ പോലീസുകാരെ സർക്കാർ സംരക്ഷിക്കുന്നു എന്ന് കെപിസിസി പ്രസിഡൻറ് പറഞ്ഞത് പഴയ ഓർമയിൽ നിന്നാണ്. ഉരുട്ടിക്കൊന്നവരെ സംരക്ഷിച്ചതാണ് കോൺഗ്രസിന്റെ പഴയ ഭരണമെന്നും അദ്ദേഹം പറഞ്ഞു.

രാജനെ കൊന്നവരെ സംരക്ഷിച്ച ആളാണ് കരുണാകരൻ. കേരളം ഭരിക്കുന്ന മുഖ്യമന്ത്രിക്കും പോലീസ് മർദനം ഏറ്റിട്ടുണ്ട്. ആ പോലീസുകാർക്കെതിരെ നടപടി എടുത്തിട്ടില്ല. അതാണ് കോൺഗ്രസ് ചരിത്രം. ഇതാണ് ഗതകാല ഇടതുപക്ഷ ചരിത്രം.

പോലീസ് തെറ്റ് ചെയ്താൽ സംരക്ഷിക്കില്ല. ആസനത്തിൽ ആയുധം കയറ്റിയ പോലീസുകാരനെ യുഡിഎഫ് ഭരണം സംരക്ഷിച്ചിട്ടുണ്ട്. ഇടതുപക്ഷം വന്നപ്പോൾ നടപടിയെടുത്തെന്നും എം. വി. ജയരാജൻ കൂട്ടിച്ചേർത്തു.

# ബി. അശോകിന് ആശ്വാസം; കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി തുടരാം

കൊച്ചി: കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്തു നിന്നും ബി. അശോക് ഐഎഎസിനെ മാറ്റിയ സർക്കാർ നടപടിക്ക് തിരിച്ചടി. കെടിഡിഎഫ്സി ചെയർമാൻ സ്ഥാനത്തേക്ക് മാറ്റിയ സർക്കാർ ഉത്തരവ് കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. അശോകിന് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്ത് തുടരാമെന്നും ട്രൈബ്യൂണൽ ഉത്തരവിട്ടു.

കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്തു നിന്നും തന്നെ മാറ്റിയത് സർക്കാരിന്റെ പ്രതികാര നടപടിയാണെന്ന് ചൂണ്ടിക്കാട്ടിയാണ് ബി. അശോക് ട്രൈബ്യൂണലിനെ സമീപിച്ചത്. സർക്കാർ തീരുമാനത്തിന് പിന്നാലെ അശോക് അവധിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. പുതുതായി നിയമിച്ച കെടിഡിഎഫ്സി ചെയർമാൻ സ്ഥാനം ഏറ്റെടുക്കേണ്ടതില്ലെന്നായിരുന്നു അശോകിന്റെ തീരുമാനം. കേര പദ്ധതിക്കായി കൃഷി വകുപ്പിന് ലോക ബാങ്ക് അനുവദിച്ച ഫണ്ട് വകമാറ്റിയതുമായി ബന്ധപ്പെട്ട രേഖ മാധ്യമങ്ങൾക്ക് ലഭിച്ചതിൽ വിവാദം നിലനിൽക്കെയാണ് അശോകിനെ പദവിയിൽനിന്നു മാറ്റിയത്.

വിവരം ചോർന്നത് എങ്ങനെയെന്ന് അന്വേഷിക്കാൻ അശോകിനെ ചുമതലപ്പെടുത്തിയിരുന്നു. കൃഷി വകുപ്പിലെ രേഖ മുഖ്യമന്ത്രിയുടെ ഓഫിസ് നേരിട്ട് ശേഖരിച്ചതെങ്ങനെയെന്ന് അശോക് റിപ്പോർട്ടിൽ ചോദിച്ചിരുന്നു. ഇതിനു പിന്നാലെയാണ് സ്ഥാനചലനമുണ്ടായത്. ഇക്കഴിഞ്ഞ ജനുവരിയിൽ കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനത്തു നിന്ന് ബി. അശോകിനെ തദ്ദേശ വകുപ്പ് പരിഷ്കാര കമ്മിഷന്റെ അധ്യക്ഷ സ്ഥാനത്തേക്ക് മാറ്റിയിരുന്നു. എന്നാൽ ഈ തീരുമാനത്തിനെതിരെ അശോക് കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും തുടർന്ന് ട്രൈബ്യൂണൽ ആ ഉത്തരവ് റദ്ദാക്കുകയും ചെയ്തിരുന്നു. ഇത്തവണ ബി. അശോകിനെ മാറ്റി, പകരം ടിങ്കു ബിസ്വാളിനെ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിക്കുകയായിരുന്നു.

# കേരളം സ്വന്തം വീടു പോലെയെന്ന് ഓണാഘോഷത്തിന് എത്തിയ അതിഥികൾ

ദൈവത്തിന്റെ സ്വന്തം നാടായ കേരളം സ്വന്തം വീട് പോലെയാണെന്ന് വിദേശ വിനോദസഞ്ചാരികൾ. ലോകത്തെമ്പാടുമുള്ളവർക്ക് വിനോദസഞ്ചാരത്തിന് തെരഞ്ഞെടുക്കാവുന്ന ഏറ്റവും ഹൃദ്യമായ ഇടമാണ് കേരളമെന്നും ടൂറിസം വകുപ്പിന്റെ അതിഥികളായി ഓണാഘോഷത്തിൽ പങ്കെടുക്കാൻ വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ വിനോദസഞ്ചാരികൾ പറഞ്ഞു.

മനോഹരമായ വിനോദസഞ്ചാര കേന്ദ്രങ്ങളും സമ്പന്നമായ സംസ്കാരവും രുചിയൂറും ഭക്ഷ്യവിഭവങ്ങളും എല്ലാവരുടേയും ഒരുമയും അൽഭുതപ്പെടുത്തിയതായും വിനോദസഞ്ചാര വകുപ്പ് മന്ത്രി മുഹമ്മദ് റിയാസുമായി മാസ്കറ്റ് ഹോട്ടലിൽ നടന്ന കൂടിക്കാഴ്ചയിൽ അവർ മനസ്സ് തുറന്നു. സ്വന്തം രാജ്യങ്ങളിൽ കേരളത്തിന്റെ അംബാസഡർമാരാകണമെന്ന് അതിഥികളോട് മന്ത്രി പറഞ്ഞു.

അച്ചപ്പം മുതൽ പുലികളിവരെയുള്ള ഓർമകൾ സമ്മാനിക്കുന്ന കേരളം സ്വന്തം വീട് പോലെയാണെന്ന് ആഗോള ഉത്തരവാദിത്ത ടൂറിസം ലീഡേഴ്സിൽ ഒരാളും തായ്‌ലൻഡുകാരിയുമായ ഡോ. ഓംക്രിസ പറഞ്ഞു. വിനോദസഞ്ചാരികൾക്ക് ഹൃദ്യമായ അനുഭവമാണ് ഹോംസ്റ്റേ ഉൾപ്പെടെയുള്ള ഇടങ്ങളിൽ നിന്ന് ലഭിക്കുന്നതെന്നും അവർ പറഞ്ഞു.

സ്വന്തം രാജ്യമായ ഇന്തോനേഷ്യ പോലെ സമാനമായ ചില ഇടങ്ങൾ ഇവിടെയുണ്ടെന്നാണ് ലെനിഹാത്തക്കു പറയാനുണ്ടായിരുന്നത്.

ടൂറിസം വിപണനത്തിൽ കേരളത്തെ ഒരു ബ്രാൻഡായി നിലനിർത്തുന്നതിനുള്ള പ്രചാരണ പരിപാടിയുടെ ഭാഗമായി രാജ്യത്തിനകത്തും വിദേശത്തുമായി ടൂറിസം വകുപ്പ് നടത്തിയ ചിത്രരചനാ മത്സരത്തിൽ വിജയിച്ച കുട്ടികളും മാതാപിതാക്കളും ഉൾപ്പെടെ 30 പേരും ഉത്തരവാദിത്ത ടൂറിസം മിഷന്റെ സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി പത്ത് രാജ്യങ്ങളിൽ നിന്നെത്തിയ 13 പേരും കൂടിക്കാഴ്ചയുടെ ഭാഗമായി. ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രനും ഉത്തരവാദിത്ത ടൂറിസം മിഷൻ സിഇഒ കെ രൂപേഷ്കുമാറും മന്ത്രിക്കൊപ്പം ഉണ്ടായിരുന്നു.

# ജെൻ സി പ്രക്ഷോഭം; മലയാളി വിനോദസഞ്ചാരികൾ കാഠ്മണ്ഡുവിൽ കുടുങ്ങി

കോഴിക്കോട്: നേപ്പാളിലെ ജെൻ സി പ്രക്ഷോഭത്തെ തുടർന്ന് കേരളത്തിൽനിന്നും പോയ വിനോദ സഞ്ചാരികൾ യാത്രമദ്ധ്യേ കുടങ്ങി. കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, മുക്കം, കൊടിയത്തൂർ എന്നിവിടങ്ങളിൽ നിന്ന് നേപ്പാളിലേക്ക് പോയ 40ഓളം വിനോദ സഞ്ചാരികൾ കാഠ്മണ്ഡുവിൽ കുടുങ്ങിയത്. കാഠ്മണ്ഡു!വിന് സമീപമാണ് ഇവർ നിലവിലുള്ളത്. റോഡിൽ ടയർ ഇട്ട് കത്തിച്ചുള്ള പ്രക്ഷോഭം തുടരുന്നതിനാൽ ഇവർക്ക് മുന്നോട്ട് പോകാനായിട്ടില്ല. ഞായാറാഴ്ചയാണ് മലയാളി സംഘം നേപ്പാളിലേക്ക് പോയത്. സമൂഹിക മാധ്യമ നിരോധനം പിൻവലിച്ചെങ്കിലും നേപ്പാളിൽ ഇപ്പോഴും സംഘർഷത്തിന് അയവില്ല.

# വയനാട് പെരുന്തട്ടയിൽ ജനവാസമേഖലയിൽ കടുവയും പുലിയും ഏറ്റുമുട്ടിയെന്ന് നാട്ടുകാർ

കൽപ്പറ്റ: വയനാട്ടിൽ കൽപ്പറ്റ നഗരത്തിനടുത്തുള്ള പെരുന്തട്ടയിൽ കടുവയും പുലിയും ഏറ്റുമുട്ടിയെന്ന് നാട്ടുകാർ. ജനവാസകേന്ദ്രത്തിൽ ഹെൽത്ത് സെൻററിനു സമീപം തിങ്കളാഴ്ച രാത്രി പത്തോടെയായിരുന്നു വന്യമൃഗങ്ങളുടെ സംഘട്ടനമെന്ന് പ്രദേശവാസികളിൽ ചിലർ പറഞ്ഞു. ഇത് കുറച്ചുനേരം നീണ്ടുനിന്നതായി അവർ പറയുന്നു.

ഇന്നു രാവിലെ വനപാലകർ സ്ഥലത്ത് പരിശോധന നടത്തിയെങ്കിലും പുലികടുവ ഏറ്റുമുട്ടൽ സ്ഥിരീകരിച്ചില്ലെന്നാണ് വിവരം. ഹെൽത്ത് സെൻറർ പരിസരത്ത് വന്യമൃഗത്തിന്റെ രോമവും വിസർജ്യവും കണ്ടെത്തിയിട്ടുണ്ട്. പുലി സാന്നിധ്യമുള്ള പ്രദേശമാണ് തോട്ടം മേഖലയിലുള്ള പെരുന്തട്ട. ഇവിടെനിന്നു ഏതാനും കിലോമീറ്റർ അകലെ ചുണ്ടേലിനു സമീപം കഴിഞ്ഞ ദിവസം കടുവ എത്തിയിരുന്നു.

# പോലീസ് വേട്ടയ്ക്ക് ഏറ്റവും കൂടുതൽ ഇരയായത് കമ്മ്യൂണിസ്റ്റുകാർ: തോമസ് ഐസക്

പാലക്കാട്: പോലീസ് വേട്ടയ്ക്ക് ഏറ്റവും കൂടുതൽ ഇരയായത് കമ്മ്യൂണിസ്റ്റുകാരെന്ന് മുൻ മന്ത്രി ഡോ. ടി. എം. തോമസ് ഐസക്. എല്ലാ സർക്കാരിന്റെ കാലത്തും പുഴുക്കുത്തുകൾ ഉണ്ടായിട്ടുണ്ട്.

രമേശ് ചെന്നിത്തല അടക്കമുള്ളവർ അവരുടെ സർക്കാരിന്റെ കാലത്തെ പോലീസിന്റെ പ്രവർത്തനം പരിശോധിക്കുന്നത് നല്ലതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാഹുൽ മാങ്കൂട്ടത്തിലിനെതിരെ ആരോപണങ്ങൾ ഉയർന്നതോടെ പ്രതിസന്ധിയിലായ കോൺഗ്രസ് അത് മറികടക്കാനാണ് ഇപ്പോൾ പോലീസ് വിഷയം ഉയർത്തുന്നതെന്നും തോമസ് ഐസക് വ്യക്തമാക്കി.

# വാർഡ് സംവരണം: തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് പരിശീലനം 26 ന്

പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി തദ്ദേശസ്ഥാപനങ്ങളിലെ വാർഡുകളുടെ സംവരണം നിശ്ചയിക്കുന്നത് സംബന്ധിച്ച്, സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും സെപ്തംബർ 26 ന് ഓൺലൈൻ പരിശീലനം നൽകുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണർ അറിയിച്ചു. ഗ്രാമ, ബ്ളോക്ക്, ജില്ലാപഞ്ചായത്തുകളിലെ വാർഡ് സംവരണത്തിനുള്ള നറുക്കെടുപ്പ് നടത്തുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടറാണ്. മുനിസിപ്പാലിറ്റികളിൽ തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറും, കോർപ്പറേഷനുകളിൽ തദ്ദേശസ്വയംഭരണവകുപ്പ് അർബൻ ഡയറക്ടറുമാണ് വാർഡ് സംവരണം നിശ്ചയിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥർ.

# നഴ്സിങ് ഡിപ്ലോമ കോഴ്സുകൾ: പ്രവേശന പരീക്ഷ 15ന്

തിരുവനന്തപുരം, കണ്ണൂർ ഗവൺമെന്റ് നഴ്സിങ് കോളേജുകളിൽ നടത്തിവരുന്ന കാർഡിയോ തൊറാസിക്ക് നഴ്സിങ്, ക്രിറ്റിക്കൽ കെയർ നഴ്സിങ്, എമർജൻസി & ഡിസാസ്റ്റർ നഴ്സിങ്, നിയോനേറ്റൽ നഴ്സിങ്, നഴ്സസ് & മിഡ്‌വൈഫറി പ്രാക്റ്റീഷണർ എന്നീ പോസ്റ്റ് ബേസിക് ഡിപ്ലോമ നഴ്സിങ് കോഴ്സുകൾക്ക് അപേക്ഷിച്ചവർക്ക് പ്രവേശന പരീക്ഷയ്ക്കുള്ള ഹാൾ ടിക്കറ്റുകൾ www. l-b-sc-e-tnr-e. k-er-a-l-a. gov. in ൽ നിന്നും ഡൗൺലോഡ് ചെയ്യാം. കൂടുതൽവിവരങ്ങൾക്ക്: 04712560361,362,363,364.

# ഇന്റർവ്യൂ നടത്തും

തിരുവനന്തപുരം ചാല ഗവ. ഐ. ടി. ഐ. യിൽ ഇൻഡസ്ട്രിയൽ റോബോട്ടിക്സ് & ഡിജിറ്റൽ മാനുഫാക്ചറിംഗ് ടെക്നീഷ്യൻ, മറൈൻ ഫിറ്റർ ട്രേഡുകളിൽ നിലവിലുള്ള ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവുകളിലേക്ക് സെപ്റ്റംബർ 12ന് അഭിമുഖം നടക്കും. താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനത്തിന് താല്പര്യമുള്ള നിശ്ചിതയോഗ്യതയുള്ളവർ രാവിലെ 10 ന് അസൽ സർട്ടിഫിക്കറ്റുമായി ചാല ഗവ. ഹൈസ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ചാല ഐ. ടി. ഐ. ലെ പ്രിൻസിപ്പാൾ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം. കൂടുതൽവിവരങ്ങൾക്ക്: 0471-2459255

# സ്പോട്ട് അഡ്മിഷൻ

ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളജിൽ ഒഴിവുള്ള ബിടെക് സീറ്റുകളിലേക്ക് ഗജ്ഞഅങ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കായി സെപ്റ്റംബർ 11 രാവിലെ 10 മണിക്ക് സ്പോട്ട് അഡ്മിഷൻ നടക്കും. വിശദവിവരങ്ങൾക്ക്: www. sc-tc-e. a-c. in.

# സർക്കാർ ഡയറിയുടെ കരട് പ്രസിദ്ധികരിച്ചു

2026 ലെ സർക്കാർ ഡയറിയുടെ കരട് സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റായ h-ttp-s: //k-er-a-l-a. gov. ശിലും പൊതുഭരണ വകുപ്പിന്റെ വെബ്സൈറ്റായ h-ttp-s: //g-a-d. k-er-a-l-a. gov. in- ലും പ്രസിദ്ധീകരിച്ചു. ആയത് പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി മാറ്റങ്ങളുണ്ടെങ്കിൽ സെപ്റ്റംബർ 15നകം k-er-a-l-a-gov-ernm-en-td-i-ary@gm-a-i-l. com എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കണം.

# മത്സര പരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കാം

പിന്നാക്ക സമുദായത്തിൽപ്പെട്ട (ഛആഇ) ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര, സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര/യോഗ്യത പരീക്ഷാപരിശീലനങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു.

മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ്, ബാങ്കിങ് സർവ്വീസ്, G-AT-E/M-AT, U-G-C-N-ET/J-R-F എന്നീ മത്സര പരീക്ഷകൾക്കുള്ള പരിശീലനം നടത്തുന്ന ഉദ്യാഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. www. e-gr-a-tnz. k-er-a-l-a. gov. in എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന സെപ്റ്റംബർ 30നകം അപേക്ഷ സമർപ്പിക്കണം. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ നിന്നും www. e-gr-a-tnz. k-er-a-l-a. gov. in, www. b-c-d-d. k-er-a-l-a. gov. in വെബ് സൈറ്റുകളിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കും.



ടൂറിസം വകുപ്പിന്റെ അതിഥികളായി ഓണാഘോഷത്തിൽ പങ്കെടുക്കാൻ വിവിധ രാജ്യങ്ങളിൽ നിന്ന് എത്തിയ വിനോദസഞ്ചാരികളുമായി ടൂറിസം - പൊതുമരാമത്ത് മന്ത്രി പി.എ മുഹമ്മദ് റിയാസ് കൂടിക്കാഴ്ച നടത്തുന്നു

# 'മാസങ്ങളെടുത്തല്ല ബില്ലുകളിൽ തീരുമാനമെടുക്കേണ്ടത്, ഗവർണർ ശത്രുതാ മനോഭാവത്തിൽ പ്രവർത്തിക്കരുത്'

ന്യൂഡൽഹി: രാഷ്ട്രപതിയുടെ റഫറൻസിൽ സുപ്രീംകോടതിയിൽ കേരളത്തിന്റെ വാദം പൂർത്തിയായി. ഗവർണർ എതിരാളിയല്ലെന്നും ശത്രുത മനോഭാവത്തിൽ അല്ല പ്രവർത്തിക്കേണ്ടതെന്നും കേരളം സുപ്രീം കോടതിയിൽ പറഞ്ഞു.

ദന്തഗോപുരങ്ങളിൽ വസിച്ച് മാസങ്ങളെടുത്തല്ല നിയമസഭ പാസാക്കുന്ന ബില്ലുകളിൽ ഗവർണർ തീരുമാനമെടുക്കേണ്ടതെന്ന് കേരളം വിമർശിച്ചു. നിയമനിർമാണ സഭയുടെ ഭാഗമാണ് ഗവർണർ. അതുകൊണ്ട് തന്നെ സഭ പാസാക്കുന്ന ബില്ലുകളെ സംബന്ധിച്ച കൃത്യമായ ധാരണ ഗവർണർക്കും ഉള്ളതാണ്. ഗവർണർക്ക് ജനങ്ങളോട് ബാധ്യത ഉണ്ടെന്നും കേരളത്തിനെ പ്രതിനിധീകരിച്ച് കെ. കെ. വേണുഗോപാൽ സുപ്രീം കോടതി ഭരണഘടന ബെഞ്ചിന് മുമ്പാകെ വ്യക്തമാക്കി.

സംസ്ഥാനത്തെ ജനങ്ങളുടെ ഇച്ഛയ്ക്ക് അനുസരിച്ച് വേണം പ്രവർത്തിക്കേണ്ടത്. ബില്ലുകൾ റദ്ദാക്കപ്പെടുമ്പോൾ അതിന്റെ കാരണവും പറയണം. നിയമസഭയുടെ പ്രവർത്തനം അട്ടിമറിക്കാൻ ഗവർണർക്ക് കഴിയില്ല. മന്ത്രിമാരുമായി ബില്ലിനെ കുറിച്ച് സംസാരിച്ചതിനുശേഷം ബിൽ തടഞ്ഞുവയ്ക്കാൻ ഗവർണർക്ക് അധികാരമില്ലെന്നും കേരളം വാദത്തിൽ ചൂണ്ടിക്കാട്ടി.

ബില്ലുകളിൽ തീരുമാനമെടുക്കാൻ രാഷ്ട്രപതിക്കും, ഗവർണർമാർക്കും സമയപരിധി നിശ്ചയിച്ച സുപ്രീം കോടതി വിധി നിയമപരമായി ശരിയാണെന്നും കേരളം കോടതിയിൽ അഭിപ്രായപ്പെട്ടു. രാഷ്ട്രപതിയുടെ റഫറൻസ് ചീഫ് ജസ്റ്റിസ് ബി. ആർ. ഗവായിയുടെ അധ്യക്ഷതയിൽ ഉള്ള അഞ്ചംഗ ഭരണഘടനാ ബെഞ്ചാണ് പരിഗണിക്കുന്നത്. സംസ്ഥാന സർക്കാരിന് വേണ്ടി കെ. കെ. വേണുഗോപാലിന് പുറമെ അഡ്വക്കേറ്റ് ജനറൽ കെ. ഗോപാലകൃഷ്ണ കുറുപ്പ്, സീനിയർ അഭിഭാഷകൻ പി. വി. സുരേന്ദ്ര നാഥ്, സ്റ്റാൻഡിംഗ് കോൺസൽ സി. കെ. ശശി, സീനിയർ ഗവൺമെൻറ് പ്ലീഡർ വി. മനു എന്നിവർ ഹാജരായി.

## ഇന്റർവ്യൂ നടത്തും

തിരുവനന്തപുരം ചാല ഗവ. ഐ. ടി. ഐ. യിൽ ഇൻഡസ്ട്രിയൽ റോബോട്ടിക്സ് & ഡിജിറ്റൽ മാനുഫാക്ചറിംഗ് ടെക്നീഷ്യൻ, മറൈൻ ഫിറ്റർ ട്രേഡുകളിൽ നിലവിലുള്ള ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവുകളിലേക്ക് സെപ്റ്റംബർ 12ന് അഭിമുഖം നടക്കും.

(പി. എസ്. സി റൊട്ടേഷൻ ചാർട്ട് അനുസരിച്ച്) താത്കാലിക ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനത്തിന് താല്പര്യമുള്ള നിശ്ചിതയോഗ്യതയുള്ളവർ രാവിലെ 10 ന് അസൽ സർട്ടിഫിക്കറ്റുമായി ചാല ഗവ. ഹൈസ്കൂൾ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ചാല ഐ. ടി. ഐ. ലെ പ്രിൻസിപ്പാൾ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം. കൂടുതൽവിവരങ്ങൾക്ക്: 04712459255

# ഖത്തർ ആക്രമണം; ട്രംപ് ഗ്രീൻ സിഗ്നൽ നൽകിയെന്ന് റിപ്പോർട്ട്

ടെൽഅവീവ്: ഖത്തർ തലസ്ഥാനമായ ദോഹയിൽ ഇസ്രയേൽ നടത്തിയ ആക്രമണം യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ അനുമതിയോടെയാണെന്ന് റിപ്പോർട്ട്. ഹമാസിന്റെ ഉന്നത നേതാക്കളെ ലക്ഷ്യം വച്ചുള്ള ആക്രമണത്തെക്കുറിച്ച് തങ്ങൾ അറിഞ്ഞിരുന്നുവെന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കി.

ഖലീൽ അൽ ഹയ്യ, സാലിഹ് അൽ അരൂരി, സഹെർ ജബാരിൻ എന്നിവരുൾപ്പെടെ ഹമാസിന്റെ ഉന്നത നേതാക്കളെ ലക്ഷ്യമിട്ടാണ് ആക്രമണം നടത്തിയത്. യുഎസ് നൽകിയ രഹസ്യാന്വേഷണ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇസ്രയേൽ ആക്രമണം നടത്തിയതെന്നും റിപ്പോർട്ടുണ്ട്.

ആക്രമണത്തിന് പിന്നാലെ യുഎസ് എംബസി തങ്ങളുടെ പൗരന്മാർക്ക് ജാഗ്രതാ നിർദേശം നൽകിയിരുന്നു. ഇത് പിന്നീട് പിൻവലിച്ചു. ദോഹയിലെ സാഹചര്യം സുരക്ഷിതമെന്നും പൗന്മാർ ആശങ്കപ്പെടേണ്ടെന്നും യുഎസ് എംബസി അറിയിച്ചു. ജറുസലേമിൽ കഴിഞ്ഞ ദിവസം നടത്തിയ വെടിവെയ്പ്പിന്റെ പ്രതികാരമായിട്ടാണ് ഹമാസ് നേതാക്കൾക്കുനേരെ ആക്രമണം നടത്തിയത്. ഇതിന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഗ്രീൻ സിഗ്നൽ കാണിച്ചെന്നും പ്രതിരോധ മന്ത്രി ഇസ്രയേൽ കാറ്റ്സ് വ്യക്തമാക്കി.

## ഗസ്റ്റ് ലക്ചറർ അഭിമുഖം

202526 അദ്ധ്യയന വർഷത്തിൽ കാഞ്ഞിരംകുളം ഗവൺമെന്റ് കോളജിൽ ഇംഗ്ലീഷ് വിഷയത്തിൽ ഗസ്റ്റ് ലക്ചററെ 2025 ഡിസംബർ 16 വരെ താല്ക്കാലികമായി നിയമിക്കുന്നു. കോളജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ ഉദ്യോഗാർത്ഥികൾക്ക് സെപ്റ്റംബർ 15 രാവിലെ 11ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ ബയോഡാറ്റ, യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവ സ്കാൻ ചെയ്ത് knm-co-l-l-e-g-e@gm-a-i-l. com ഇമെയിൽ വിലാസത്തിലേയ്ക്ക് സെപ്റ്റംബർ 14 വൈകിട്ട് 5 മണിയ്ക്ക് മുൻപായി അയക്കണം.

# 'ചിത്രങ്ങൾ ദുരുപയോഗം ചെയ്യുന്നു, സ്വകാര്യത സംരക്ഷിക്കണം'

ന്യൂഡൽഹി: തന്റെ ചിത്രങ്ങൾ ദുരുപയോഗം ചെയ്യുന്നുവെന്ന് ആരോപിച്ച് ഡൽഹി ഹൈക്കോടതിയിൽ ഹർജി നൽകി നടി ഐശ്വര്യ റായ്. സ്വകാര്യത സംരക്ഷിക്കണമെന്നും പരസ്യങ്ങളിൽ തന്റെ ചിത്രങ്ങൾ ഉപയോഗിക്കുന്നത് വിലക്കണമെന്നും ഐശ്വര്യ ആവശ്യപ്പെട്ടു. വ്യക്തിഗത അവകാശങ്ങൾ സംരക്ഷിക്കണം. അനുവാദമില്ലാതെ ചിത്രങ്ങൾ പരസ്യങ്ങളിൽ ഉപയോഗിക്കുന്നത് തടയണം. ചിത്രങ്ങളും ശബ്ദവും അടക്കം വാണിജ്യ ആവശ്യങ്ങൾക്ക് അനുവാദമില്ലാതെ ഉപയോഗിക്കുന്നത് തടയണമെന്നും നടി ഹർജിയിൽ വ്യക്തമാക്കുന്നു.

ഐശ്വര്യ റായിയുടെ പബ്ലിസിറ്റി, വ്യക്തിത്വ അവകാശങ്ങൾ എന്നിവ നടപ്പാക്കാനാണ് ഹർജി നൽകിയതെന്ന് നടിയുടെ അഭിഭാഷകൻ സന്ദീപ് സേഥി കോടതിയെ അറിയിച്ചു. വിവിധ വെബ്സൈറ്റുകളും യൂട്യൂബ് ചാനലുകളും അനുമതിയില്ലാതെ നടിയുടെ ചിത്രങ്ങൾ ഉപയോഗിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

അനാവശ്യമായി നടിയുടെ ഫോട്ടോകൾ ഉപയോഗിക്കുന്ന വെബ്സൈറ്റുകളുടെ യുആർഎല്ലുകൾ നീക്കം ചെയ്യാൻ ഗൂഗിളിനോട് നിർദേശിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

അതേസമയം, അനധികൃതമായി നടിയുടെ ചിത്രങ്ങൾ ഉപയോഗിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കെതിരെയും നടപടിയെടുക്കുമെന്ന് ഹൈക്കോടതി വ്യക്തമാക്കി. കേസ് വിശദമായി വാദം കേൾക്കാൻ അടുത്ത വർഷം ജനുവരി 15 ലേക്ക് മാറ്റി. ഇടക്കാല ഉത്തരവ് ഇറക്കാമെന്നും കോടതി അറിയിച്ചു.

# നാവികസേനാ ഉദ്യോഗസ്ഥനായി വേഷംമാറി അജ്ഞാതൻ; ആയുധങ്ങളുമായി കടന്നുകളഞ്ഞു

മുംബൈ: നാവികസേനാ ഉദ്യോഗസ്ഥനായി വേഷംമാറിയ യുവാവ് നേവൽ റെസിഡൻഷ്യൽ ഏരിയയിൽനിന്ന് ആയുധങ്ങൾ മോഷ്ടിച്ചു. ശനിയാഴ്ച വൈകുന്നേരമാണ് സംഭവം.

ഇൻസാസ് റൈഫിളും വെടിയുണ്ടകളുമാണ് ഇയാൾ അടിച്ചുമാറ്റിയത്. കാവൽ ജോലിയിലുണ്ടായിരുന്ന ജൂനിയർ നാവികനെ കബളിപ്പിച്ചാണ് ഇയാൾ ആയുധം കൈവശപ്പെടുത്തിയത്. തുടർന്ന് ഇയാളെ കാണാതാവുകയായിരുന്നു.

കാവൽ ജോലിയിലുണ്ടായിരുന്ന ജൂനിയർ നാവികന്റെ അടുത്തേക്ക് നാവികസേനയുടെ യൂണിഫോം ധരിച്ച അജ്ഞാതനായ ഇയാൾ എത്തുകയായിരുന്നു. പകരക്കാരനായി വന്നതാണെന്ന ഭാവേന, ഇയാൾ ആയുധം കൈമാറാൻ നാവികനോട് ആവശ്യപ്പെടുകയായിരുന്നു.

ഇയാളെ വിശ്വസിച്ച് നാവികൻ തോക്കും വെടിയുണ്ടകളും കൈമാറുകയും ചെയ്തു. എന്നാൽ താമസിയാതെ ആൾമാറാട്ടക്കാരൻ അവിടെനിന്ന് അപ്രത്യക്ഷനായി. ഇതോടെയാണ് അബദ്ധം മനസിലായത്.

ഇയാളെ കണ്ടെത്താൻ നാവികസേനയും മുംബൈ പോലീസും അന്വേഷണമാരംഭിച്ചു. തോക്ക് കണ്ടെത്താനും ആൾമാറാട്ടക്കാരനെ പിടികൂടാനുമായി വ്യാപകമായ തിരച്ചിലാണ് നടത്തുന്നത്. മോഷണംപോയ ആയുധവും വെടിക്കോപ്പുകളും കണ്ടെത്താനായി പ്രദേശം അരിച്ചുപെറുക്കുന്നുണ്ടെന്നും നാവികസേന അറിയിച്ചു.

ഇതിന്റെ ഭാഗമായി ആയുധം കൈമാറിയ നാവികോദ്യോഗസ്ഥനെയും ചോദ്യംചെയ്തു വരികയാണ്. സംഭവിച്ചത് ഗുരുതരമായ പ്രോട്ടോക്കോൾ ലംഘനമാണെന്നാണ് അധികൃതരുടെ പക്ഷം. ആൾമാറാട്ടക്കാരൻ റസിഡൻഷ്യൽ കോംപ്ലക്സിൽ പ്രവേശിക്കാനിടയായതിലെ വീഴ്ചയും പരിശോധിക്കുന്നുണ്ട്.

## മാർബിൾ കയറ്റിവന്ന ലോറി വയലിലേക്ക് മറിഞ്ഞ് അന്യസംസ്ഥാന തൊഴിലാളിക്ക് ദാരുണാന്ത്യം

കോഴിക്കോട്: കൊടുവള്ളി എൻഐടി റോഡിൽ കുണ്ടുങ്ങലിൽ മാർബിൾ കയറ്റിവന്ന ലോറി വയലിലേക്ക് മറിഞ്ഞ് അന്യസംസ്ഥാന തൊഴിലാളിക്ക് ദാരുണാന്ത്യം. ബിഹാർ സ്വദേശി രാംനാഥ് റാം ആണ് മരിച്ചത്. തിങ്കളാഴ്ച രാത്രി 12നായിരുന്നു അപകടം. കണ്ണൂരിൽനിന്ന് മാർബിളുമായി വന്ന ലോറിയാണ് അപകടത്തിൽപ്പെട്ടത്. മാർബിൾ ഇറക്കാനായി ലോറിയിൽ വന്നതായിരുന്നു രാംനാഥ് റാം. ലോറിക്ക് മുകളിലായിരുന്നു ഇദ്ദേഹം ഇരുന്നിരുന്നത്. ലോറി മറിഞ്ഞതോടെ താഴെ വീണ രാംനാഥ് അതിനടിയിൽ പെടുകയായിരുന്നു. മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളജ് മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

## മെക്സിക്കോയിൽ ട്രെയിൻ ഡബിൾ ഡക്കർ ബസിൽ ഇടിച്ചു കയറി 10 പേർ മരിച്ചു

മെക്സിക്കോ സിറ്റി: മെക്സിക്കോയിൽ ചരക്ക് ട്രെയിൻ ഡബിൾ ഡക്കർ ബസിൽ ഇടിച്ചു കയറി 10 പേർ മരിച്ചു. 40ലധികം ആളുകൾക്ക് പരിക്കേറ്റു. മെക്സിക്കോ സിറ്റിയിൽ നിന്ന് 130 കിലോമീറ്റർ വടക്കുപടിഞ്ഞാറായി അറ്റ്ലകോമുൾകോ പട്ടണത്തിലെ വെയർഹൗസുകളുടെയും ഫാക്ടറികളുടെയും വ്യാവസായിക മേഖലയിലെ ഒരു ക്രോസിംഗിലാണ് അപകടം. അപകടസ്ഥലത്ത് രക്ഷാപ്രവർത്തനം തുടരുന്നതായും അന്വേഷണം ആരംഭിച്ചതായും സ്റ്റേറ്റ് പ്രോസിക്യൂട്ടർ ഓഫീസ് അറിയിച്ചു.

## ബീഹാർ ബീഡി വിവാദം അടഞ്ഞ അധ്യായമെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി

ന്യൂഡൽഹി: ബീഹാർ ബീഡി വിവാദം അടഞ്ഞ അധ്യായമെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി. വി. ടി ബൽറാം തന്നെ കാര്യങ്ങൾ വിശദീകരിച്ചു കഴിഞ്ഞു. കെപിസിസി തന്നെ അക്കാര്യത്തിൽ വിശദമായി അന്വേഷണം നടത്തിയിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. വി. ടി. ബൽറാം അറിയാതെ വന്ന ഒരു പോസ്റ്റാണ് അത്. അദ്ദേഹം അത് അറിഞ്ഞപ്പോൾ തന്നെ പിൻവലിച്ചു. ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ ഇന്ത്യാസഖ്യം കരുത്ത് തെളിയിക്കും. ഇന്ത്യാ സഖ്യത്തിലെ ഒരു വോട്ട് പോലും അസാധു ആവുകയോ ചോർന്നു പോവുകയോ ചെയ്യില്ല. പരമാവധി വോട്ടുകൾ പോൾ ചെയ്യിപ്പിക്കും. ആം ആദ്മിയെ പോലുള്ള പാർട്ടികൾ പിന്തുണ നൽകിയിട്ടുണ്ട്. പ്രതിപക്ഷത്ത് നിൽക്കുന്ന കക്ഷികളെയും ചേർത്തുനിർത്താൻ ശ്രമിച്ചിട്ടുണ്ട്. എല്ലാവർക്കും സ്വീകാര്യമായിട്ടുള്ള സ്ഥാനാർഥിയാണ് ഇന്ത്യ സഖ്യത്തിൻറേതെന്നും കൊടിക്കുന്നിൽ സുരേഷ് വ്യക്തമാക്കി.

## പീഡനപരാതി; വേടൻ ചോദ്യം ചെയ്യലിന് ഹാജരായി

കൊച്ചി: യുവ ഡോക്ടർ നൽകിയ പീഡന പരാതിയിൽ റാപ്പർ വേടൻ ചോദ്യം ചെയ്യലിന് ഹാജരായി. തൃക്കാക്കര പോലീസ് സ്റ്റേഷനിൽ രാവിലെ ഒൻപതരയോടെയാണ് ഹാജരായത്. ഹൈക്കോടതി വേടന് മുൻകൂർ ജാമ്യം അനുവദിച്ചിട്ടുള്ളതിനാൽ ചോദ്യം ചെയ്യലിന് ശേഷം അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയക്കും.

സൗഹൃദം നടിച്ച് പ്രണയത്തിലാവുകയും പിന്നീട് വിവാഹ വാഗ്ദാനം നൽകി രണ്ട് വർഷത്തിനിടെ അഞ്ചുതവണ ലൈംഗീകമായി പീഡിപ്പിക്കുകയും പാട്ട് പുറത്തിറക്കാൻ എന്ന പേരിൽ 31,000 രൂപ തട്ടിയെടുക്കുകയും ചെയ്തു എന്നാണ് ആരോപണം. 2021 ഓഗസ്റ്റ് മുതൽ 2023 മാർച്ച് വരെ അഞ്ച് സന്ദർഭങ്ങളിലായി കോഴിക്കോട്, കൊച്ചി ഏലൂരിലെ സുഹൃത്തിന്റെ വീട്, തന്റെ ഫ്ലാറ്റ് എന്നിവിടങ്ങളിൽവെച്ച് പീഡിപ്പിച്ചതായാണ് യുവ ഡോക്ടറുടെ പരാതി. വേടനുമായി സാമ്പത്തിക ഇടപാടുകൾ നടന്നിട്ടുണ്ടെന്നും താൻ മാനസികമായി തകർന്നുപോയെന്നും പരാതിയിൽ പറയുന്നു.

## സപ്ലിമെന്ററി പരീക്ഷ

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ഒരു വർഷ ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളുടെ (ആയുർവേദ ഫാർമസിസ്റ്റ്, ആയുർവേദ തെറാപ്പിസ്റ്റ്, ആയുർവേദ നഴ്സിങ്) സപ്ലിമെന്ററി പരീക്ഷ 2025 നവംബർ/ഡിസംബർ മാസങ്ങളിൽ നടക്കും. ഒരു വിഷയത്തിനു 110 രൂപ (നൂറ്റി പത്തു രൂപ മാത്രം) എന്ന നിരക്കിലാണ് ഫീസ്. ഫൈനില്ലാതെ സെപ്റ്റംബർ 25 വരെയും 25 രൂപ ഫൈനോടു കൂടി സെപ്റ്റംബർ 30 വരെയും ഫീസടയ്ക്കാം. അപേക്ഷാഫോം www. gov-tayurv-e-d-a-co-l-l-e-g-e-tvm വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ ഫീസ് 02100310198 Ex-am f-e--s an-d O-th-er F-e-e-s' എന്ന ശീർഷകത്തിൽ കേരളത്തിലെ ഏതെങ്കിലും സർക്കാർ ട്രഷറിയിൽ അടയ്ക്കാം. പൂരിപ്പിച്ച അപേക്ഷകൾ, വിദ്യാർത്ഥി കോഴ്സ് പഠിച്ച. സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൽമാർക്ക് നിശ്ചിത തീയതിക്കകം സമർപ്പിക്കണം. ഫോൺ: 0471 2339307.

## മത്സര പരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കാം

പിന്നാക്ക സമുദായത്തിൽപ്പെട്ട (ഛആഇ) ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര, സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര/യോഗ്യത പരീക്ഷാപരിശീലനങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, സിവിൽ സർവ്വീസ്, ബാങ്കിങ് സർവ്വീസ്, G-AT-E/M-AT, U-G-C-N-ET/J-R-F എന്നീ മത്സര പരീക്ഷകൾക്കുള്ള പരിശീലനം നടത്തുന്ന ഉദ്യാഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. www. e-gr-a-tnz. k-er-a-l-a. gov. in എന്ന സ്കോളർഷിപ്പ് പോർട്ടൽ മുഖേന സെപ്റ്റംബർ 30നകം അപേക്ഷ സമർപ്പിക്കണം. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ നിന്നും www. e-gr-a-tnz. k-er-a-l-a. gov. in, www. b-c-d-d. k-er-a-l-a. gov. in വെബ് സൈറ്റുകളിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കും.

# സാംസ്കാരിക വിനിമയ പരിപാടി; വിദേശ സഞ്ചാരികൾ ടൂറിസം മന്ത്രിയുമായി സംവദിച്ചു

തിരുവനന്തപുരം: എട്ടു ദിവസത്തെ സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി കേരളത്തിലെത്തിയ അന്താരാഷ്ട്ര ഉത്തരവാദിത്ത ടൂറിസം പ്രതിനിധി സംഘം മന്ത്രി പി. എ. മുഹമ്മദ് റിയാസുമായി സംവദിച്ചു. ടൂറിസം വകുപ്പ് നടത്തിയ അന്താരാഷ്ട്ര ഓൺലൈൻ പെയിൻറിംഗ് മത്സരത്തിന്റെ മൂന്നാം പതിപ്പിലെ വിജയികളും മന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

പത്തു രാജ്യങ്ങളിൽ നിന്നുള്ള ഉത്തരവാദിത്ത ടൂറിസം പ്രതിനിധികളാണ് ഓണാഘോഷത്തിൽ പങ്കുചേരാനും നാടും നഗരവും തനതു ജീവിതവും നേരിൽ കണ്ടറിയാനും സംസ്ഥാനത്ത് എത്തിയത്. കേരള ഉത്തരവാദിത്ത ടൂറിസം (ആർ. ടി) മിഷൻ സൊസൈറ്റിയാണ് പരിപാടി സംഘടിപ്പിച്ചത്.

ടൂറിസം മന്ത്രിയുടെ നിർദേശപ്രകാരം കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരികോത്സവമായ ഓണത്തെ ലോകത്തിന് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഉത്തരവാദിത്ത ടൂറിസം പ്രതിനിധി സംഘത്തെ സംസ്ഥാനത്ത് എത്തിച്ചത്. സെപ്റ്റംബർ നാലിന് ആരംഭിച്ച സന്ദർശനം 11 വരെ നീളും.

വിവിധ പ്രദേശങ്ങളിലെ ഓണാഘോഷങ്ങളിൽ പങ്കുചേരാനും ഗ്രാമീണ സമൂഹത്തോടൊപ്പം ഓണം ആഘോഷിക്കാനും സംഘത്തിന് അവസരം ലഭിച്ചു.

## സർക്കാർ ഡയറിയുടെ കരട് പ്രസിദ്ധികരിച്ചു

2026 ലെ സർക്കാർ ഡയറിയുടെ കരട് സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റായ h-ttp-s: //k-er-a-l-a. gov. in-ലും പൊതുഭരണ വകുപ്പിന്റെ വെബ്സൈറ്റായ h-ttp-s: //g-a-d. k-er-a-l-a. gov. in ലും പ്രസിദ്ധീകരിച്ചു. ആയത് പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി മാറ്റങ്ങളുണ്ടെങ്കിൽ സെപ്റ്റംബർ 15നകം k-er-a-l-a-gov-ernm-en-td-i-ary@gm-a-i-l. com എന്ന ഇമെയിൽ വിലാസത്തിൽ അറിയിക്കണം.

# വനിത എസ്ഐമാർക്ക് മോശം സന്ദേശം; എഐജി വിനോദ്കുമാറിന്റെ മൊഴിയെടുത്തു

തിരുവനന്തപുരം: വനിത പോലീസ് ഉദ്യോഗസ്ഥർക്ക് മോശം സന്ദേശങ്ങളയച്ചെന്ന പരാതിയിൽ ക്രമസമാധാനവിഭാഗം എഐജി വി. ജി. വിനോദ്കുമാറിന്റെ മൊഴി രേഖപ്പെടുത്തി.

പോലീസ് ആസ്ഥാനത്തെ ആഭ്യന്തര പരാതിപരിഹാര സമിതിയിലെ എഐജി മെറിൻ ജോസഫാണ് മൊഴിയെടുത്തത്. ആരോപണങ്ങൾ നിഷേധിച്ച വിനോദ്കുമാർ, എസ്പി എന്ന നിലയിൽ ജോലിയുടെ ഭാഗമായി മാത്രമാണ് സന്ദേശങ്ങൾ അയച്ചതെന്ന് മൊഴി നൽകി. പരാതിക്ക് പിന്നിൽ പോലീസ് തലപ്പത്തുള്ളവരിൽ ചിലരുടെ ഗൂഡാലോചനയുണ്ടെന്ന് ആവർത്തിച്ചു.

രണ്ട് ദിവസത്തിനുള്ളിൽ പരാതിക്കാരായ വനിത എസ്ഐമാരുടെ മൊഴി പത്തനംതിട്ടയിലെത്തി മെറിൻ ജോസഫ് രേഖപ്പെടുത്തും. പത്തനംതിട്ട എസ്പിയായിരിക്കെ വിനോദ് കുമാർ തൊഴിൽ സ്ഥലത്ത് മാനസികമായി പീഡിപ്പിച്ചെന്നും മോശം സന്ദേശങ്ങൾ അയച്ചെന്നും കാട്ടി പത്തനംതിട്ടയിലെ രണ്ട് വനിത എസ്ഐമാരാണ് കഴിഞ്ഞ മാസം റേഞ്ച് ഡിഐജി അജിത ബീഗത്തിന് പരാതി നൽകിയത്.

രഹസ്യമായി പ്രാഥമിക അന്വേഷണം നടത്തി വനിത എസ്ഐമാരുടെ മൊഴിയെടുത്ത അജിതാബീഗം, ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമം തടയാനുള്ള 'പോഷ്' നിയമപ്രകാരം അന്വേഷണം വേണമെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് റിപ്പോർട്ട് നൽകി.

തുടർന്നാണ് ഡിജിപി റവഡ ചന്ദ്രശേഖർ പോലീസ് ആസ്ഥാനത്തെ വുമൺ കംപ്ലയിൻറ് സെൽ അധ്യക്ഷയായ എസ്പി മെറിൻ ജോസഫിന് അന്വേഷണ ചുമതല കൈമാറിയത്.

# ഇരുമ്പയിര് കയറ്റുമതി കേസ്; കാർവാർ എംഎൽഎ സതീഷ് കൃഷ്ണ സെയ്ൽ അറസ്റ്റിൽ

ബംഗളൂരു: ഇരുമ്പയിര് കയറ്റുമതി തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ കാർവാർ എംഎൽഎ സതീഷ് കൃഷ്ണ സെയ്‌ലിനെ ഇഡി അറസ്റ്റ് ചെയ്തു. കഴിഞ്ഞ 13ന് എംഎൽഎയുടെ വീട്ടിൽ നടത്തിയ റെയ്ഡിൽ പണവും സ്വർണവും ഇഡി പിടിച്ചെടുത്തതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഇരുമ്പയിര് കയറ്റുമതി തട്ടിപ്പുമായി ബന്ധപ്പെട്ടായിരുന്നു ഇഡി പരിശോധന. ഒന്നര ക്കോടിയോളം രൂപയും ഏഴു കിലോയോളം സ്വർണവുമാണ് പിടിച്ചെടുത്തത്. നേരത്തെ ഇരുമ്പയിര് അഴിമതിയുമായി ബന്ധപ്പെട്ട കേസിൽ സതീഷ് സെയിലിനെ കോടതി ശിക്ഷിച്ചിരുന്നു. 2024 ഒക്ടോബർ 26നാണ് എംഎൽഎമാർക്കും എംപിമാർക്കുമുള്ള കർണാടക പ്രത്യേക കോടതി ഇദ്ദേഹത്തെ ഏഴ് വർഷം തടവിന് ശിക്ഷിച്ചത്. ആറ് കേസുകളിലായി 44 കോടി രൂപയുടെ പിഴയും ചുമത്തി. വിധിക്കെതിരെ എംഎൽഎ ഹൈക്കോടതിയിൽ ഹർജി നൽകി. തുടർന്ന് ശിക്ഷാവിധി താത്കാലികമായി നിർത്തിവയ്ക്കുകയായിരുന്നു. 2010ലാണ് എംഎൽഎക്കെതിരെ ഇഡി കേസ് രജിസ്റ്റർ ചെയ്തത്. പിന്നീട് സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ കുറ്റപത്രം സമർപ്പിച്ചു.

## ഗസ്റ്റ് ലക്ചറർ നിയമനം

202526 അദ്ധ്യയനവർഷത്തിൽ കാഞ്ഞിരംകുളം ഗവൺമെന്റ് കോളജിൽ കോമേഴ്സ് വിഷയത്തിൽ ഗസ്റ്റ് ലക്ചററെ 2026 മാർച്ച് 31 വരെ താത്കാലികമായി നിയമിക്കുന്നു. കോളജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ ഉദ്യോഗാർത്ഥികൾക്ക് സെപ്റ്റംബർ 15 ഉച്ചക്ക് 2 മണിയ്ക്ക് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. ബയോഡാറ്റ, യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവ സ്കാൻ ചെയ്ത് knm-co-l-l-e-g-e@gm-a-i-l. com ഇമെയിൽ വിലാസത്തിലേയ്ക്ക് സെപ്റ്റംബർ 14 വൈകിട്ട് 5 മണിയ്ക്ക് മുൻപായി അയക്കണം.

## ഗസ്റ്റ് ലക്ചറർ അഭിമുഖം

202526 അദ്ധ്യയന വർഷത്തിൽ കാഞ്ഞിരംകുളം ഗവൺമെന്റ് കോളജിൽ ഇംഗ്ലീഷ് വിഷയത്തിൽ ഗസ്റ്റ് ലക്ചററെ 2025 ഡിസംബർ 16 വരെ താല്ക്കാലികമായി നിയമിക്കുന്നു. കോളജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ ഗസ്റ്റ് ലക്ചറർ പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ ഉദ്യോഗാർത്ഥികൾക്ക് സെപ്റ്റംബർ 15 രാവിലെ 11ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ ബയോഡാറ്റ, യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവ സ്കാൻ ചെയ്ത് knm-co-l-l-e-g-e@gm-a-i-l. com ഇമെയിൽ വിലാസത്തിലേയ്ക്ക് സെപ്റ്റംബർ 14 വൈകിട്ട് 5 മണിയ്ക്ക് മുൻപായി അയക്കണം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.








# ഓണം വാരാഘോഷ സമാപനം; ആഘോഷത്തിമർപ്പിൽ അനന്തപുരി

തിരുവനന്തപുരം: ഒരാഴ്ച നീണ്ടു നിന്ന ഓണം വാരാഘോഷങ്ങൾക്ക് സമാപനം കുറിച്ചുകൊണ്ട് തലസ്ഥാന നഗരിയിൽ ആയിരത്തിലധികം കലാകാരൻമാർ അണിനിരക്കുന്ന ഘോഷയാത്രയ്ക്ക് തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സമാപന ഘോഷയാത്ര ഫ്ലാഗ് ഓഫ് ചെയ്തു.

എല്ലാവർക്കും നമസ്കാരം എന്നു പറഞ്ഞു തുടങ്ങിയ ഗവർണർ മുഖ്യമന്ത്രിയെ സഹോദരനെന്നാണ് അഭിസംബോധന ചെയ്തത്. നൽകിയ ബഹുമാനത്തിന് നന്ദിയെന്നും പിണറായി വിജയന്റെ നേതൃത്വത്തിൽ സംസ്ഥാനം കൂടുതൽ അഭിവൃദ്ധിയോടെ മുന്നോട്ട് പോകട്ടെയെന്നും ഗവർണർ പറഞ്ഞു.

ആയിരക്കണക്കിന് ആളുകളാണ് ഘോഷയാത്ര കാണാൻ വഴിയരികിൽ കാത്തുനിൽക്കുന്നത്. ജാർഖണ്ഡ്, ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗ്രാമീണ കലാരൂപങ്ങളും ഘോഷ യാത്രയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പബ്ലിക് ലൈബ്രറിക്ക് മുന്നിലാണ് വിവിഐപി പവലിയൻ. യൂണിവേഴ്സിറ്റി കോളജിന് മുൻവശത്തെ വിഐപി പവലിയന് മുന്നിലും മ്യൂസിയം ഗേറ്റിന് സമീപത്തെ പ്രത്യേക സ്റ്റേജിലും കലാരൂപങ്ങൾ അവതരിപ്പിക്കും.

[illegible] യവർക്കൊപ്പം ദക്ഷിണാഫ്രിക്കയിലെ മന്ത്രിയായ മാർട്ടിൻ മയ്യറും കാഴ്ച വിരുന്നിന് സാക്ഷിയായി. മുൻ മന്ത്രി എം വിജയകുമാർ, എംഎൽഎമാരായ കടകംപള്ളി സുരേന്ദ്രൻ, ആന്റണി രാജു, സി. കെ. ഹരീന്ദ്രൻ, കെ. പി. കുഞ്ഞഹമ്മദ് കുട്ടി, വി. ജോയ്, മേയർ ആര്യ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി. കെ. രാജു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് എം കൃഷ്ണൻ നായർ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ എസ്. അയ്യർ, കളക്ടർ അനുകുമാരി, പാളയം ഇമാം ഷുഹൈബ് മൗലവി, സ്വാമി സന്ദീപാനന്ദ ഗിരി തുടങ്ങിയവർ ദൃശ്യവിരുന്ന് ആസ്വദിക്കാൻ എത്തി. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിനോദസഞ്ചാരികൾ, മാധ്യമപ്രവർത്തകർ തുടങ്ങിയവരും പങ്കെടുത്തു. വൈകിട്ട് 4 മണിക്ക് ആരംഭിച്ച ഘോഷയാത്ര ഗവർണർ ഫ്ലാഗ് ഓഫ് ചെയ്തു.

പതിനായിരത്തിലധികം കലാകാരന്മാരും വിവിധ ഫ്ലോട്ടുകളും അണിനിരന്ന ഘോഷയാത്രയിൽ സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങളെ ചിത്രീകരിക്കുന്ന ഫ്ലോട്ടുകളും കേരളത്തിന്റെ പൈതൃകം, സിനിമ, സ്ത്രീ ശാക്തീകരണം, സുരക്ഷ, ആരോഗ്യം, ശാസ്ത്രീയ പുരോഗതി, ജീവൻ രക്ഷാ സന്ദേശങ്ങൾ തുടങ്ങിയ വിഷയങ്ങൾ പ്രമേയമാക്കിയ വിവിധ വകുപ്പുകളുടെ ഫ്ലോട്ടുകളും കാണികൾക്ക് വർണാഭമായ കാഴ്ചയൊരുക്കി. ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് തയാറാക്കിയ ഫ്ലോട്ടുകളും ശ്രദ്ധനേടി. തെയ്യം, കളരിപ്പയറ്റ്, ചെണ്ടമേളം, ബാന്റ് മേളം, റോളർ സ്കേറ്റിങ് തുടങ്ങിയ പ്രകടനങ്ങളും ഘോഷയാത്രയെ വേറിട്ടതാക്കി.

# പോലീസ് ആസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ദിനംപ്രതി താഴേക്കു പോകുന്നു: ഡിജിപിക്കെതിരേ ഫയർഫോഴ്സ് മേധാവി

തിരുവനന്തപുരം: സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖറിനെതിരേ രൂക്ഷവിമർശനവുമായി ഫയർഫോഴ്സ് മേധാവി യോഗേഷ് ഗുപ്ത. പോലീസ് ആസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ദിനംപ്രതി താഴേക്കു പോകുന്നുവെന്നാണ് യോഗേഷ് ഗുപ്തയുടെ ആരോപണം.

കേന്ദ്രസർവീസിൽ നിയമനം ലഭിക്കാൻ എം പാനൽ ചെയ്യാനുള്ള പട്ടികയിൽ ഇടം നേടാനുള്ള വിജിലൻസ് റിപ്പോർട്ട് സംസ്ഥാന സർക്കാർ നൽകാത്തതിൽ യോഗേഷ് ഗുപ്ത അസ്വസ്ഥനാണ്. തനിക്ക് വിജിലൻസ് റിപ്പോർട്ട് നൽകുന്നതിന്റെ കാര്യങ്ങൾ എന്തായെന്ന് ചോദിച്ച് അദ്ദേഹം വിവരാവാകാശ അപേക്ഷ നൽകിയിരുന്നു.

ഈ അപേക്ഷയിൽ തനിക്ക് മറുപടി നൽകാൻ സാധിക്കില്ലെന്ന് പോലീസ് മേധാവി മറുപടി നൽകിയിരുന്നു. രഹസ്യ രേഖയായതിനാൽ അത് നൽകാൻ സാധിക്കില്ലെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് വേണ്ടി മറുപടി നൽകിയിരുന്നു. ഇതാണ് യോഗേഷ് ഗുപ്തയെ ചൊടിപ്പിച്ചത്. അപ്പീൽ അപേക്ഷ എന്ന വിധത്തിലാണ് രൂക്ഷ വിമർശനവുമായി യോഗേഷ് ഗുപ്ത സംസ്ഥാന പോലീസ് മേധാവിക്കു കത്തയച്ചത്.

കെ. എം. ഏബ്രഹാമിനെതിരായ കേസിന്റെ വിവരങ്ങൾ അടങ്ങിയ വിജിലൻസ് ഫയൽ കോടതി നിർദേശം വന്നയുടൻ മുഖ്യമന്ത്രിയുടെ ഓഫീസുമായി ആലോചിക്കാതെ സിബിഐക്ക് നൽകിയിരുന്നു. ഇതേത്തുടർന്ന് സർക്കാർ ഇദ്ദേഹത്തെ വിജിലൻസ് ഡയറക്ടർ സ്ഥാനത്ത്നിന്നു നീക്കി ഫയർഫോഴ്സ് മേധാവിയാക്കുകയായിരുന്നു. കേന്ദ്ര സർവീസിലേക്ക് പോകാനായി യോഗേഷ് ഗുപ്തയുടെ വിജിലൻസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് കേന്ദ്രസർക്കാർ എട്ടു തവണ കത്ത് അയച്ചെങ്കിലും സർക്കാർ നൽകിയിരുന്നില്ല. തന്റെ അവസരം നഷ്ടപ്പെടുത്തുകയാണെന്നും പ്രതികാര നടപടി പുലർത്തുന്നുവെന്നും കാട്ടി യോഗേഷ് ഗുപ്ത കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. ഐപിഎസ് അസോസിയേഷൻ പ്രസിഡൻറ് കുടിയായ യോഗേഷ് ഏറെ നാളായി സർക്കാരിന് അനഭിമതനാണ്.

# പേരൂർക്കട വ്യാജ മോഷണക്കേസിൽ വഴിത്തിരിവ്; കാണാതായ മാല സോഫയിൽ

തിരുവനന്തപുരം: പേരൂർക്കട വ്യാജ മോഷണക്കേസിൽ വഴിത്തിരിവ്. വീട്ടുജോലിക്കാരിയായ ദളിത് യുവതിയെ കുടുക്കാൻ പോലീസ് ശ്രമിച്ചുവെന്ന് ജില്ലാ ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ കണ്ടെത്തി.

വ്യാജ മോഷണക്കേസിൽ പുനരന്വേഷണം നടത്തിയ പത്തനംതിട്ട ക്രൈംബ്രാഞ്ച് ഡിവൈഎസ്പി വിദ്യാധരന്റെ നേതൃത്വത്തിലുള്ള സംഘത്തിൻറേതാണ് കണ്ടെത്തൽ.

പേരൂർക്കടയിലെ വീട്ടിൽ നിന്ന് മാല മോഷണം പോയിട്ടേ ഇല്ലെന്നും ജോലിക്കാരിയായ ബിന്ദുവിനെ മോഷ്ടാവാക്കാൻ പോലീസ് കഥ മെനഞ്ഞുവെന്നും ഡിവൈഎസ്പിയുടെ റിപ്പോർട്ടിൽ പറയുന്നു. മറവി പ്രശ്നമുള്ള ഓമന ഡാനിയൽ, മാല സ്വന്തം വീട്ടിലെ സോഫയ്ക്ക് താഴെ വച്ചു മറക്കുകയായിരുന്നുവെന്നും പ്രത്യേക അന്വേഷണ സംഘം കണ്ടെത്തി.

മാല പിന്നീട് ഓമന ഡാനിയേൽ തന്നെ കണ്ടെത്തിയെന്നും റിപ്പോർട്ടിൽ പറയുന്നു. കാണാതായ മാല വീടിന്റെ പിന്നിലെ ചവർ കൂനയിൽനിന്നും ആണ് കണ്ടെത്തിയത് എന്ന പേരൂർക്കട പോലീസിന്റെ വാദം നുണയാണ്.

ബിന്ദുവിന്റെ അന്യായ കസ്റ്റഡിയെ ന്യായീകരിക്കാൻ പോലീസ് മെനഞ്ഞ കഥയാണ് ചവർ കൂനയിൽ നിന്നും മാല കണ്ടെത്തി എന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. ബിന്ദുവിനെ അന്യായമായി സ്റ്റേഷനിൽ തടഞ്ഞുവച്ചത് സ്റ്റേഷൻ ഹൗസ് ഓഫീസർ ശിവകുമാറും അറിഞ്ഞിരുന്നു എന്നും രാത്രിയിൽ ശിവകുമാർ ബിന്ദുവിനെ ചോദ്യം ചെയ്തത് സിസിടിവിയിൽ വ്യക്തമെന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

മോഷണക്കേസിൽ യുവതിയെ കുടുക്കാൻ ശ്രമിച്ച പേരൂർക്കട എസ് എച്ച് ഒ. ശിവകുമാർ, ഓമന ഡാനിയൽ എന്നിവർക്കെതിരെ നടപടിവേണമെന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു.

രണ്ടു പൊട്ടിച്ചാൽ സത്യം പറയുമെന്ന് എസ്എച്ച്ഒ പറഞ്ഞതായി ബിന്ദു മാധ്യമങ്ങളോട് പറഞ്ഞു. എസ്എച്ച്ഒ ശിവകുമാറിനെതിരെ നടപടി വേണം. കുറ്റക്കാരിയല്ലെന്ന് തെളിഞ്ഞില്ലെങ്കിൽ ജീവനൊടുക്കിയേനെയെന്നും ബിന്ദു പറഞ്ഞു.

ജോലിക്കു നിന്ന വീട്ടിൽ നിന്നും സ്വർണാഭരണം കാണാനില്ലെന്ന വീട്ടുടമ ഓമന ഡാനിയലിന്റെ പരാതിയിലാണ് ചുള്ളിമാനൂർ സ്വദേശി ബിന്ദുവിനെതിരെ പേരൂർക്കട പോലീസ് കേസെടുത്തത്. പരാതി നൽകിയതിന് നാലു ദിവസം മുമ്പ് മാത്രം വീട്ടു ജോലിക്കെത്തിയ ബിന്ദുവിനെ പോലീസ് കസ്റ്റഡിലെടുത്തു. രാത്രിയിൽ സ്റ്റേഷനിലിരുത്തി മാനസികമായി പീഡിപ്പിച്ചു എന്നാണ് ബിന്ദുവിന്റെ പരാതിയിൽ പറയുന്നത്. എന്നാൽ അടുത്ത ദിവസം നഷ്ടപ്പെട്ടെന്ന് പറഞ്ഞ സ്വർണം പരാതിക്കാരിയായ ഓമനയുടെ വീട്ടിന് പിന്നിലെ ചവറുകൂനയിൽ നിന്നും കിട്ടിയെന്ന് ഓമന ഡാനിയൽ തന്നെ പോലീസിനെ അറിയിച്ചു. പിന്നാലെ പോലീസ് ബിന്ദുവിനെ വിട്ടയച്ചു.

പോലീസിന് നാണക്കേടായ സംഭവത്തിൽ എസ്ഐയെയും എഎസ്ഐയും സസ്പെൻഡ് ചെയ്തിരുന്നു. സ്റ്റേഷൻ ഇൻസ്പെക്ടറെ കോഴിക്കോട്ടേക്ക് സ്ഥലം മാറ്റി. പോലീസ് പീഡനത്തിൽ ഉൾപ്പെടെ സമഗ്രമായ അന്വേഷണം ആവശ്യപ്പെട്ട് ബിന്ദു നൽകിയ പരാതി, ജില്ലക്ക് പുറത്തുള്ള ഡിവൈഎസ്പി അന്വേഷിക്കാൻ മനുഷ്യാവകാശ കമ്മീഷനാണ് ഉത്തരവിട്ടത്.

# സിൻഡിക്കറ്റ് യോഗത്തിന്റെ മിനിറ്റ്സ് തിരുത്തി: മോഹനൻ കുന്നുമ്മലിനും മിനി കാപ്പനുമെതിരെ പോലീസിൽ പരാതി

തിരുവനന്തപുരം: കേരള സർവകലാശാലയിലെ മിനിറ്റ്സ് വിവാദത്തിൽ നിയമനടപടിയുമായി ഇടത് സിൻഡിക്കേറ്റ് അംഗങ്ങൾ. വൈസ് ചാൻസലർ മോഹനൻ കുന്നുമ്മലിനും മുൻ രജിസ്ട്രാർ ഇൻ ചാർജ് മിനി കാപ്പനുമെതിരെ ഇടത് സിൻഡിക്കേറ്റ് അംഗം ഡോ. ലെനിൽ ലാൽ തിരുവനന്തപുരം കൻറോൺമെൻറ് പോലീസിൽ പരാതി നൽകി. സിൻഡിക്കേറ്റിന്റെ മിനിറ്റ്സിൽ വിസിയും മിനി കാപ്പനും തിരിമറി നടത്തിയെന്നാണ് പരാതിയിൽ പറയുന്നത്. വഞ്ചന, ഔദ്യോഗിക രേഖകളിൽ കൃത്രിമം വരുത്തൽ, ഗൂഢാലോചന എന്നീ കാര്യങ്ങൾ അന്വേഷിക്കണമെന്നും പരാതിയിൽ ആവശ്യപ്പെടുന്നു.സെപ്റ്റംബർ രണ്ടിന് ചേർന്ന സിൻഡിക്കറ്റ് യോഗത്തിൽ റജിസ്ട്രാർ ഡോ. കെ. എസ്. അനിൽ കുമാറിന്റെ സസ്പെൻഷൻ അംഗീകരിക്കുകയും പകരം ചുമതല ജോയിൻറ് റജിസ്ട്രാർ രശ്മിക്കു നൽകുകയും ചെയ്തെന്നാണ് മിനിറ്റ്സിൽ വിസി രേഖപ്പെടുത്തിയത്.എന്നാൽ, റജിസ്ട്രാറുടെ സസ്പെൻഷൻ കോടതിയുടെ പരിഗണനയിൽ ആയതിനാൽ അത്തരത്തിലൊരു തീരുമാനം സിൻഡിക്കറ്റ് എടുത്തിട്ടില്ലെന്നാണ് ഡോ. ലെനിൻ ലാൽ നൽകിയ പരാതിയിൽ പറയുന്നത്. വിസി മോഹനൻ കുന്നുമ്മൽ ദുരുദ്ദേശത്തോടുകൂടി മിനിറ്റ്സ് തിരുത്തിയെന്നാണ് പരാതിയിൽ പറയുന്നത്.

# യുവതി ഫ്ളാറ്റിൽ മരിച്ച നിലയിൽ

തിരുവനന്തപുരം: യുവതിയെ ഫ്ളാറ്റിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. പോണ്ടിച്ചേരി കാരിക്കൽ മുക്കുളം സ്ട്രീറ്റ് 13ൽ അളകർസാമിയുടെ മകൾ എ. അക്ഷയ (25) ആണ് മരിച്ചത്. തിങ്കളാഴ്ച രാവിലെ ഇവർ താമസിച്ചുവന്ന ജനറൽ ആശുപത്രിക്കു സമീപം തമ്പുരാൻ മുക്കിലെ ആർടെക് തമ്പുരാൻസ് ഫ്ളാറ്റിലെ അഞ്ചാം നിലയിൽ 5ബി അപ്പാർട്ട്മെൻറിനുള്ളിലാണ് മൃതദേഹം കണ്ടെത്തിയത്. ഫ്ളാറ്റിലെ ബെഡ്റൂമിനുള്ളിൽ തൂങ്ങിയ നിലയിലാണ് മൃതദേഹം കണ്ടെത്തിയത്. മുൻവശത്തെ വാതിലിന്റെ മൂന്നു കുറ്റികളും ഭദ്രമായി ലോക്ക് ചെയ്ത നിലയിലായിരുന്നു. തിരുവനന്തപുരം ഫയർസ്റ്റേഷനിൽ നിന്ന് ഫയർ ആൻഡ് റസ്ക്യു ഓഫീസർ ഷഹീർ, ഓഫീസർമാരായ രാഹുൽ, നൂറുദ്ദീൻ, സനിത്ത്, എഫ്ആർഒ ഡ്രൈവർ ശ്രീരാജ് ആർ. നായർ എന്നിവർ ഫ്ളാറ്റിലെ മുറിയുടെ പിൻവാതിലൂടെ കടന്ന് നടത്തിയ പരിശോധനയിലാണ് മൃതദേഹം കണ്ടെത്തുന്നത്. ജർമൻഭാഷ പഠിക്കുന്നതിനുവേണ്ടി ഒരുമാസത്തിനു മുമ്പാണ് അക്ഷയ തിരുവനന്തപുരത്തെ ഒരു ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നത്. 15 ദിവസത്തിനു മുമ്പാണ് തമ്പുരാൻമുക്കിലെ ഫ്ളാറ്റിൽ താമസമാക്കുന്നത്. ഒറ്റയ്ക്കാണ് അക്ഷയ കഴിഞ്ഞുവന്നിരുന്നതെന്നു പോലീസ് അറിയിച്ചു. ആത്മഹത്യാക്കുറിപ്പൊന്നും കണ്ടെത്താനായിട്ടില്ല. മരണകാരണം വ്യക്തമായിട്ടില്ലെന്നു കൻറോൺമെൻറ് പോലീസ് അറിയിച്ചു. മൃതദേഹം ഇൻകാസ്റ്റ് നടപടികൾ പൂർത്തിയാക്കിയശേഷം തിരുവനന്തപുരം മെഡിക്കൽകോളജ് മോർച്ചറിയിലേക്കു മാറ്റി.

# ചാലയിലെ ക്ഷേത്രമോഷണം; ബംഗാൾ സ്വദേശി അറസ്റ്റിൽ

പേരൂർക്കട: ചാലയിലെയും ആര്യശാലയിലെയും ക്ഷേത്രത്തിൽ മോഷണം നടത്തിയ സംഭവത്തിൽ ബംഗാൾ സ്വദേശിയുടെ അറസ്റ്റ് ഫോർട്ട് പോലീസ് രേഖപ്പെടുത്തി. വെസ്റ്റ് ബംഗാൾ മാൾഡ ബങ്കി ഡോല സ്വദേശി സഞ്ജീബ് മണ്ഡൽ (27) ആണ് അറസ്റ്റിലായത്. കഴിഞ്ഞമാസം 31ന് ചാലയിലെ മുത്തുമാരിയമ്മൻ ക്ഷേത്രത്തിലെ കാണിക്കവഞ്ചി കുത്തിത്തുറന്ന ഇയാൾ 3000ഓളം രൂപയാണ് കവർന്നത്. ക്ഷേത്ര കോമ്പൗണ്ടിലുണ്ടായിരുന്ന കാണിക്കവഞ്ചിയാണ് ഇയാൾ കവർന്നത്. ഇതിന്റെ അന്വേഷണം നടന്നുവരുന്നതിനിടെയാണ് ശനിയാഴ്ച പുലർച്ചെ രണ്ടോടെ ആര്യശാലയിലെ ഉജ്ജയിനി മഹാകാളി ക്ഷേത്രത്തിൽനിന്നു കിണ്ടികളും വിളക്കുകളും മോഷ്ടിച്ചത്. ഈ സംഭവത്തിനു ശേഷം തൊണ്ടിമുതൽ ചാക്കിലാക്കി നടന്നുവരുന്നതിനിടെ കൺട്രോൾ റൂമിലെ പോലീസ് ഉദ്യോഗസ്ഥർ സംശയംതോന്നി ചോദ്യം ചെയ്തതോടെയാണ് മോഷണവിവരം അറിയുന്നത്. ചാലയിൽനിന്നു മോഷ്ടിച്ച പണം തന്നിൽനിന്നു മറ്റാരോ കവർന്നുവെന്നാണ് ഫോർട്ട് സിഐ വി. ആർ ശിവകുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ചോദ്യം ചെയ്തപ്പോൾ ഇയാൾ പറഞ്ഞത്. തമ്പാനൂർ റെയിൽവേ സ്റ്റേഷൻ പരിസരത്താണ് സഞ്ജീബ് മണ്ഡൽ തമ്പടിച്ചിരിക്കുന്നത്. എസ്ഐ ബിജു, സിപിഒമാരായ അജീഷ്, സജു, ഹോം ഗാർഡ് സന്തോഷ് എന്നിവരും അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നു. അറസ്റ്റിലായ പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# വോട്ടർ പട്ടികയിൽ വ്യാപക ക്രമക്കേടെന്ന്: പുനലൂർ നഗരസഭാ സെക്രട്ടറിയെ ഉപരോധിച്ചു

## ഇതര സംസ്ഥാനക്കാരെ രേഖകൾ ഇല്ലാതെ വിവിധ വാർഡുകളിൽ ഉൾപ്പെടുത്തിയെന്ന് ആരോപണം

പുനലൂർ: നഗരസഭയിൽ തദ്ദേശ തെരഞ്ഞെടുപ്പിനായി തയാറാക്കിയ വോട്ടർ പട്ടികയിൽ വ്യാപക ക്രമക്കേടാണെന്ന് ആരോപിച്ചുകോൺഗ്രസിന്റെആഭിമുഖ്യത്തിൽ പുനലൂർ നഗരസഭ സെക്രട്ടറിയെ തടഞ്ഞുവയ്ക്കുകയും നഗരസഭ ഓഫീസ് കവാടം ഉപരോധിക്കുകയും ചെയ്തു.

ഓണ നാളുകളിൽ പുറത്തിറക്കിയ അന്തിമ വോട്ടർ പട്ടിക തയറാക്കിയപ്പോഴാണ് ഇടതുപക്ഷ സ്വാധീനത്തിന് വഴങ്ങി ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർ ആയ നഗരസഭ സെക്രട്ടറിയും എ ഇ ആർഒ മാരും ഇലക്ഷൻ ക്ലർക്കും ഗൂഢാലോചന നടത്തിക്കൊണ്ട് വോട്ടർ പട്ടികയിൽ അടിമുടി ക്രമക്കേട് വരുത്തിയതെന്നായിരുന്നു കോൺഗ്രസിന്റെ ആരോപണം. വിവിധ വാർഡുകളിലായി രണ്ടായിരത്തോളം വോട്ടർമാരുടെ കാര്യത്തിലാണ് കോൺഗ്രസ് ആക്ഷേപം ഉന്നയിക്കുന്നത്. അനർഹരായ നിരവധിപേരെ വോട്ടർ പട്ടികയിൽ വിവിധ വാർഡുകളിൽ തിരുകി കയറ്റിയിട്ടുണ്ടെന്നും ഇതര സംസ്ഥാനക്കാരെ രേഖകൾ ഇല്ലാതെ തന്നെ വിവിധ വാർഡുകളിൽ ഉൾപ്പെടുത്തിയതും, ഇടതുപക്ഷത്തിന്റെ പാർട്ടി ഓഫീസുകൾ കേന്ദ്രീകരിച്ചുകൊണ്ട് താമസം ഇല്ലാത്ത നിരവധി പേർക്ക് പേരു ചേർക്കാൻ സൗകര്യം ഉണ്ടാക്കിയതായും കോൺഗ്രസ് ചൂണ്ടിക്കാണിക്കുന്നു. കോൺഗ്രസ് അനുഭാവമുള്ളതും നഗരസഭ അതിർത്തിയിൽ സ്വന്തം പേരിൽ വീടും മേൽവിലാസവും ഉള്ള നിരവധി സൈനികരുടെയും വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലും ജോലിക്കും പഠനത്തിനും പോയിട്ടുള്ളവരെയും അന്വേഷണം നടത്താതെ അകാരണമായി നീക്കിയിട്ടുള്ളതായും കോൺഗ്രസ് ചൂണ്ടിക്കാട്ടി. ഇടതുപക്ഷ പ്രവർത്തകർ നൽകിയ അപേക്ഷകളിൽ മാത്രം അനുകൂല തീരുമാനമെടുക്കുകയും കോൺഗ്രസ് പ്രവർത്തകർ നൽകിയ അപേക്ഷകൾ അന്വേഷണം നടത്താതെ നിരസിക്കുകയും ചെയ്തത് ഗുരുതര വീഴ്ചയാണ്. ഇന്നലെ രാവിലെ 11 മുതൽ ഒരു മണിക്കൂറോളം നഗരസഭാ സെക്രട്ടറിയെ തടഞ്ഞുവെച്ച കോൺഗ്രസ് പ്രവർത്തകർ പിന്നീട് നഗരസഭ കവാടം ഉപരോധിക്കുകയും ചെയ്തു. യുഡിഎഫ് പാർലമെൻററി പാർട്ടി ലീഡർ ജി. ജയപ്രകാശിന്റെ അധ്യക്ഷതയിൽ ഉപരോധസമരം കോൺഗ്രസ് ബ്ലോക്ക് പ്രസിഡൻറ് സി. വിജയകുമാർ ഉദ്ഘാടനം ചെയ്തു.

പ്രതിഷേധത്തിൽ ഡെപ്യൂട്ടി ലീഡർ സാബു അലക്സ്, കോൺഗ്രസ് മണ്ഡലം പ്രസിഡൻറുമാരായ എസ്.നാസർ, കെ. എൻ.ബിപിൻകുമാർ, ഷെമി അസീസ്, നേതാക്കന്മാരായ എം. ഓമനക്കുട്ടൻ ഉണ്ണിത്താൻ, ശിവരാജൻ, എൻ.സുന്ദരേശൻ, ടി. എസ്. ഷൈൻ, കെ.കനകമ്മ, എസ്. പൊടിയൻ പിള്ള, നിർമ്മല സത്യന്!, വിളയിൽ സഫീർ, ഭരണിക്കാവ് രാജീവ്, മുഹമ്മദ് റാഫി, വിപിൻ വർഗീസ്, എൻ. അജീഷ്, കെ. കെ. ജയകുമാർ എന്നിവർ നേതൃത്വം നൽകി.